
# ബൈബിൾ സ്റ്റാൻഡാർഡ്

**BIBLE STANDARD (Malayalam)**
**BI-MONTHLY**

ദൈവരാജ്യത്തിന്റെ സുവാർത്താപത്രിക

"നിന്റെ പ്രകാശവും സത്യവും അയച്ചുതരേണമേ; അവ എന്നെ നടത്തുമാറാകട്ടെ..." (സങ്കീ. 43:3).

**BIBLE STANDARD - OUR ONLY STANDARD**

"ജാതികൾക്കായി ഒരു കൊടി ഉയർത്തുവിൻ"
യെശ. 62:10

**ENGLISH B.S. NO. 942**

ഉൾപേജുകളിൽ.... പേജ്


യിസ്രായേലിന്റെ അതിർത്തികൾ ..................... 2
ചെറിയ ആട്ടിൻകൂട്ടത്തിനുള്ള വാഗ്ദത്തം എപ്പിഫനി പാളയസമർപ്പിതർക്കും യോജിച്ചതാണ് ............................................ 6
പ്രവൃത്തിക്കുന്ന വിശ്വാസം .............................. 15
വി. പൗലൊസ് ........... ഒരു പാത്രം ................. 18
ബൈബിൾ സംഭാഷണങ്ങൾ ........................ 22
അറിയിപ്പുകൾ................................................ 24



VOL - XVII, ISSUE 3 MAY - JUNE 2024



# യിസ്രായേലിന്റെ അതിർത്തികൾ ബൈബിളിൽ
## BIBLE BORDER'S OF ISRAEL
**യെഹെ. 38-39 അടിസ്ഥാനമാക്കി**

യെഹെസ്കേൽ പ്രവചനം പ്രതിരൂപങ്ങളാൽ സമൃദ്ധമാണ്. പഴയനിയമത്തിലെ വെളിപ്പാട് എന്നാണ് ഈ പുസ്തകത്തെ വിളിക്കുന്നത്. യെഹെസ്കേൽ പാർത്തിരുന്ന ബാബിലോണിൽ വെച്ചാണ് ഇത് എഴുതപ്പെട്ടത്. നെബുഖദ്നേസർ രാജാവ് പട്ടണം നശിപ്പിക്കുകയും സെദെക്കിയാവിനെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തതിന് പതിനൊന്ന് വർഷങ്ങൾക്കു മുൻപ് ഒന്നാമത്തെ കടന്നുകയറ്റത്തിൽ സെദെക്കിയാവിനെ നെബുഖദ്നേസർ സ്ഥാനാരോഹണം നടത്തിയ കാലത്ത് യഹൂദബദ്ധന്മാരിൽ ഒരുവനായി യെഹെസ്കിയേലിനെ ബാബിലോണിലേക്ക് കൊണ്ടുപോവുകയുണ്ടായി. ഒന്നാമത്തെ കടന്നുകയറ്റത്തിൽ യഹൂദദേശത്തിലെ പ്രധാന വ്യക്തികളെയായിരുന്നു ബദ്ധന്മാരായി കൊണ്ടുപോയത്. അവരിൽ ജ്ഞാനികളും മികവുള്ളവരുമായ പ്രഭുക്കന്മാരും മന്ത്രിമാരും ഉണ്ടായിരുന്നു. ഇവരെ കേവലം അടിമകളെപ്പോലെ കാണാതെ മറിച്ച് അവർക്ക് സകല സ്വാതന്ത്ര്യവും നെബുഖദ്നേസർ അനുവദിച്ചതുകൊണ്ട് തന്റെ സാമ്രാജ്യത്തെ ബലമുള്ളതാക്കുന്നതിന് വേണ്ടിയാണ് ബദ്ധന്മാരായി കൊണ്ടുപോയതെന്ന് മനസിലാക്കാം. പിന്നീട് അവരിൽ ചിലർ ദാനിയേലിനെ പോലെ രാജ്യത്തിന്റെ ബഹുമതിയുള്ള സ്ഥാനങ്ങളിലേക്ക് ഉയർത്തപ്പെട്ടതും കാണാം.

യെഹെസ്കേലും വളരെ സ്വാതന്ത്ര്യം അനുഭവിച്ചു. അവൻ ബാബിലോണിയൻ അടിമകളായ യഹൂദന്മാർക്ക് വേണ്ടി, പ്രവാസികൾക്ക് വേണ്ടി പ്രവചിച്ചു. ഈ പ്രവചനത്തിലൂടെ നൽകപ്പെട്ട കർത്താവിന്റെ സാക്ഷ്യം തന്റെ ജനമായ യിസ്രായേലിനെ ഉത്സാഹിപ്പിക്കുന്നതും ആശ്വാസം പകരുന്നതും ആയിരുന്നു. കൂടാതെ ദേശം ശൂന്യമായി കിടന്ന 70 വർഷങ്ങളുടെ [606 - 536 BC] അന്ത്യത്തിൽ അടിമത്തം അവസാനിക്കുമ്പോൾ അവർ ദൈവത്തിന്റെ കൃപയിലേക്ക് മടങ്ങി വരുമെന്ന പ്രത്യാശ, ദാനിയേലിനെ പോലെ ഇവരെയും നയിക്കുന്നതിനും അത് അവരുടെ ഹൃദയത്തിൽ അന്നും നിലനിന്നിരുന്ന വിശ്വാസത്തിന്റെ തീപ്പൊരിയെ ആളിക്കത്തിക്കുന്നതിനും കാരണമായി.

ഭൗമിക യെരുശലേമിന് അതായത് ഒരു ജാതി എന്ന നിലയിൽ യഹൂദനു ലഭിക്കാനിരിക്കുന്ന അനുഗ്രഹങ്ങളെ പരാമർശിക്കുന്നതായാണ് പ്രവാസികളായിരുന്ന യഹൂദന്മാർ ഈ പാഠത്തെ സ്വീകരിച്ചത്. യെരുശലേമിന്റെയും ദേവാലയത്തിന്റെയും പുനഃസ്ഥാപനത്തെ കുറിച്ച് ഇവിടെ സ്പഷ്ടമായും വ്യക്തതയോടെ പറയുന്നു. ഭാവിയിൽ വരുവാനിരിക്കുന്ന ഈ അനുഗ്രഹങ്ങളെ കുറിച്ച് ഓർത്ത് ഈ ബദ്ധന്മാരുടെ ഹൃദയങ്ങൾ ആനന്ദത്താൽ തുള്ളിച്ചാടിയിട്ടുണ്ടാവും. സംശയമില്ല. അങ്ങനെ അവരുടെ വിശ്വാസവും പ്രത്യാശയും ഇതിനാൽ ഉത്തേജിക്കപ്പെട്ടിട്ടുണ്ടാവുമെന്നും നമുക്ക് നിസംശയം പറയാം.

യെഹെസ്കേലിന്റെ പ്രവചനം കർത്താവിന്റെ വചനമാണ് എന്നുള്ളത് സ്പഷ്ടമെന്നപോലെ, ബാബിലോണിൽ നിന്നും ജനം മടങ്ങിവരുന്ന കാലത്തായിരുന്നില്ല ഈ അനുഗ്രഹങ്ങൾ നൽകപ്പെടുന്നത് എന്നത് സ്പഷ്ടമാണ്. എന്തെന്നാൽ ഈ പ്രവചനം ഇതുവരെ നിവർത്തിയായിട്ടില്ല. നിശ്ചയമായും അത് ഭാവിയിലേക്കുള്ളതാണ്. ഇന്ന്, ഏതാണ്ട് 2500 വർഷങ്ങൾക്കുശേഷം നാം ജീവിക്കുന്നത് ഈ പ്രവചന നിവൃത്തിയുടെ കാലത്താണ് എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഇത് ഒരു ചോദ്യം ഉന്നയിക്കുന്നു: യഹൂദന്മാർക്ക് അവരുടെ മാതൃദേശത്തേക്കുള്ള മടങ്ങിവരവിനെ കുറിച്ച് ബൈബിൾ പഠിപ്പിക്കുന്നുണ്ടോ? അവിടെ അബ്രാഹാമ്യ സന്തതി പരമ്പരയ്ക്ക് വസിക്കുവാൻ മതിയായ സ്ഥലം ഉണ്ടായിരിക്കുമോ? ഉണ്ട്! യെഹെ. 37:12 ഇങ്ങനെ പറയുന്നു: "എന്റെ ജനമേ, ഞാൻ നിങ്ങളുടെ ശവക്കുഴി തുറന്നു നിങ്ങളെ ശവക്കുഴിയിൽ നിന്ന് കയറ്റി യിസ്രായേൽ ദേശത്തേക്ക് കൊണ്ടുപോകും." യെഹെ. 36:35 "ശൂന്യമായി കിടന്നിരുന്ന ദേശം [യിരെ. 33:10] ഏദൻതോട്ടം പോലെയായിത്തീർന്നുവല്ലോ... എന്ന് അവർ പറയും."

യഹൂദന്മാർ തങ്ങളുടെ മാതൃദേശം പണിയുന്നത് വേഗത്തിൽ തുടർന്നുകൊണ്ടിരിക്കുന്നു. ജലസേചനവും യഥോചിതമായ കൃഷിയും മാതൃദേശത്തെ പനിനീർ പുഷ്പം പോലെ അധികമധികം വിരിയിച്ചിരിക്കുന്നു. വർധിച്ചുവരുന്ന ജനസംഖ്യയോടൊപ്പം പട്ടണങ്ങളും നഗരങ്ങളും അധികമധികമായി പണിതുകൊണ്ട് യിസ്രായേൽ ധനികമായ ഒരു രാഷ്ട്രമായി തീർന്നിരിക്കുന്നു. ഇപ്പോഴത്തെ മഹാകഷ്ടകാലത്തിന്റെ (ദാനി. 12:1) പിന്നാലെ വരുന്ന ഘട്ടങ്ങളിൽ ജാതികൾ

പരസ്പരം നശിപ്പിക്കുവാൻ ശ്രമിക്കുന്ന കാലത്തിലെ സംരക്ഷണയ്ക്കായി സമ്പന്നരായ യഹൂദന്മാർ തങ്ങളുടെ ലക്ഷോപലക്ഷം സ്വത്തുവകകളെ അവരുടെ വാഗ്ദത്തദേശത്തിലേക്ക് തിരിച്ചുവിടുവാൻ പ്രേരകമായി ലോകവ്യാപകമായ അശാന്തി നിലനിൽക്കുന്നു (യെശ. 66:15,16; യോവേ. 3:2; സെഫ. 3:8; യിരെ. 25:31-33)

യിസ്രായേൽ സുരക്ഷിതരായി പാർക്കുന്നതിന് വർഷങ്ങളോളം ഓരോ വിശേഷസംഭവങ്ങളും നടന്നുകൊണ്ടിരിക്കുന്നു. യെഹെ. 38:8, "ഏറിയ നാൾ കഴിഞ്ഞിട്ട് നീ നിന്റെ സൈന്യത്തെ കൂട്ടിച്ചേർക്കും; വാളിനു ഒഴിഞ്ഞുപോകുന്നതും പല ജാതികളിൽ നിന്ന് ശേഖരിക്കപ്പെട്ടതുമായ ഒരു രാജ്യത്തിലേക്ക് നീ ഒടുക്കം വന്നുചേരും; നിരന്തരശൂന്യമായി കിടന്നിരുന്ന യിസ്രായേൽ പർവ്വതങ്ങളിൽത്തന്നെ; എന്നാൽ ജാതികളുടെ ഇടയിൽനിന്നു അവരെ കൂട്ടിവരുത്തും, അവർ എല്ലാവരും സുരക്ഷിതരായി വസിക്കും" (റോതർഹാം).

RSV ൽ ഇങ്ങനെ എഴുതിയിരിക്കുന്നു: "ഏറിയ നാൾ കഴിഞ്ഞിട്ട് നീ കൂട്ടിച്ചേർക്കപ്പെടും; യുദ്ധത്തിൽ നിന്നും യഥാസ്ഥാപനപ്പെടുത്തിയ ദേശത്തിലേക്ക് നീ പോകും" (യെഹെ. 38:8). ഈ വേദഭാഗത്തിലെ നീ എന്ന പദം "മാഗോഗ് ദേശത്തിലെ ഗോഗിനെ" പ്രതിനിധീകരിക്കുന്നു എന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ശക്തിമത്തും, ഭീമാകാരവും അഹങ്കാരവുമുള്ള ജാതികളുടെ നേതാക്കന്മാരായ, ദൈവത്തിന്റെ ശത്രുക്കളെ ഇത് കാണിക്കുന്നു (യെഹെ. 38:2). മാഗോഗ് ദൈവത്തിന്റെ ശത്രുക്കളായ ദേശങ്ങളുടെ നേതൃത്വങ്ങളെ കാണിക്കുന്നു (വെളി. 20:8). അതെ, അനേക വർഷങ്ങളോളം നീണ്ടുനിൽക്കുന്ന അർമ്മഗ്ഗെദോനും അരാജകത്വത്തിനും ശേഷം യാക്കോബിന്റെ കഷ്ടകാലത്തിന്റെ രണ്ടാംഘട്ടം വന്നുചേരും.

യാക്കോബിന്റെ കഷ്ടകാലത്തിന്റെ രണ്ടാംഘട്ടത്തിൽ അവരുടെ പരാജയം അത്യന്താപേക്ഷിതം എന്ന് തോന്നുമ്പോൾ ആണ് ദൈവം ഇടപെടുന്ന സമയം വരുന്നത് (യെഹെ. 38; 39; സെഖ. 12:1-5; BS '78, p. 15, കോളം. 2; BS '79, p. 7 താരതമ്യം ചെയ്യുക). വിവിധ മേഖലകളിൽ ധ്രുതഗതിയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന യിസ്രായേലിന്റെ മഹാസമ്പത്തിനെയാണ് "വെള്ളിയെന്നും പൊന്നെന്നും", "കന്നുകാലികളെന്നും ധനമെന്നും" ചിത്രീകരിച്ചു പറയുന്നത്. ഈ "വലിയ കൊള്ള" എന്നാൽ അവരുടെ സമ്പദ്‌വ്യവസ്ഥയുടെ അത്താണിയായ ഉന്നത സാങ്കേതികവിദ്യയുടെ മേഖലയിൽ വിന്യസിക്കുന്ന കയറ്റുമതിയും ഉൾപ്പെടുന്നതാണ്. ഇതിൽ സകല കയറ്റുമതിയിലും 23.2% ആകെ വരുന്ന യിസ്രായേലി വജ്ര വ്യവസായത്തിൽ നിന്നുമാണ്. അത് ലോകത്തിലെ തന്നെ വജ്രം മുറിക്കുന്നതിനും മിനുക്കുന്നതിനുമുള്ള മുഖ്യ കേന്ദ്രമായി പ്രവൃത്തിക്കുന്നു.

ഇവ അന്ത്യകാലത്ത് യഥാർത്ഥ യിസ്രായേലിന് വരുവാനിരിക്കുന്ന ദൈവിക വിധിയെക്കുറിച്ച് നേരിട്ട് ബന്ധമുള്ള തിരുവെഴുത്തുകളാണ്. അത് ഈ യുഗാവസാനത്തിൽ ഈ ഭൂമിയിൽ തന്നെ നടക്കുകയും ചെയ്യും. അബ്രഹാം ജീവിച്ചിരുന്ന ദേശം യിസ്ഹാക്കിനും, യാക്കോബിനും, യിസ്രായേൽ ജനതയ്ക്കും നൽകിക്കൊണ്ട് ദൈവം 2045 BC യിൽ അബ്രഹാമിന് ചെയ്ത മാറ്റമില്ലാത്ത വാഗ്ദത്തത്തിന്റെ അവകാശത്തെ പഴയനിയമം നിലനിർത്തുന്നു. ആധുനികയുഗ യിസ്രായേൽ മാത്രമല്ല, അടുത്തകാലത്ത് നിർമ്മിക്കപ്പെട്ട പരമാധികാരമുള്ള ഒരു കൂട്ടം രാജ്യങ്ങളും, "ഇപ്പോഴത്തെ ദുഷ്ടലോകം" എന്ന നാടകത്തിന്റെ അവസാനരംഗം ആടുന്നതിന് വേദിയായിത്തീരും.

യെഹെ. 38:12 അവസാനിക്കുന്നത്, "ഭൂമിയുടെ മദ്ധ്യേ" എന്ന പ്രയോഗത്തിലാണ്. അത് ജീവന്റെ കേന്ദ്രമാണ്. ലോകത്തിന്റെ ഭരണവ്യവസ്ഥയുടെ അധികാരകേന്ദ്രമായി കൂടുതൽ അനുയോജ്യമായ ഇടം വേറെ ഇല്ല (യെശ. 2:3). ഈ വിശുദ്ധനഗരത്തിന്റെ യഥാർത്ഥ വിസ്തൃതിയും അതിരുകളും ദൈവവചനത്തിൽ കൃത്യതയോടും നിയമാനുസൃതമായും നിർവ്വചിച്ചിരിക്കുന്നത് നോക്കാം.

## ബ്രാക്കറ്റിൽ നൽകിയിരിക്കുന്ന സംഖ്യകൾ സ്ട്രോങ്ങ്സ് ശബ്ദസൂചികയിലേതാണ് (Strong's Concordance)

രേഖ # 1 : ഉല്പ. 15:18, "നിന്റെ സന്തതിക്കു ഞാൻ മിസ്രയീം നദി തുടങ്ങി ഫ്രാത്ത് നദിയായ മഹാനദി വരെയുള്ള ഈ ദേശത്തെ... തന്നിരിക്കുന്നു." മിസ്രയീം നദി എന്ന് പറഞ്ഞിരിക്കുന്നത് നൈൽ നദിയെയാണ് – നാഹർ (5104). സ്ഥിരമായി ഒഴുകികൊണ്ടിരിക്കുന്ന അരുവി എന്ന അർത്ഥമുള്ള നാഹാർ എന്ന പദം ഇവിടെ ഉപയോഗിച്ചിരിക്കുന്നു. എന്നിരുന്നാലും മിസ്രയീമിലെ നദി എന്ന പ്രയോഗം നചൽ (5158) എന്ന കാലികമായ നദിയായ വദി-എൽ-ആറിഷയെ വിവരിക്കുന്നതിനും ഉപയോഗിക്കാം. കൂടാതെ വിശുദ്ധ ദേശത്തിന്റെ ഭൂപ്രദേശത്ത് ഉൾപ്പെടുത്തേണ്ടതിന് അന്ന് അവിടെ ഉണ്ടായിരുന്ന കൂട്ടങ്ങളുടെ പേരുകളും പ്രാധാന്യമർഹിക്കുന്നവയാണ് (വാക്യം 19:21). അതെ അവരും

ദൈവജനമായി ദൈവം അവരുടെ പിതാക്കന്മാർക്ക് നൽകിയ ദേശത്ത് ജീവിക്കും (യെഹെ. 36:27). "പ്രവചനരൂപേണ കർത്താവ് നിശ്ചയിച്ചിട്ടുള്ള മുഴുവൻ പരിധികൾ വരെയും ശലോമോൻ രാജ്യത്തിന്റെ അതിരുകളെ കുറേക്കാലം മുൻപ് തന്നെ വ്യാപിപ്പിച്ചിരുന്നു" എന്ന് ബ്രദർ റസ്സൽ പറയുന്നു" (R 5722).

രേഖ # 2 : പുറ. 23:31, "ഞാൻ നിന്റെ ദേശം ചെങ്കടലിൽ തുടങ്ങി ഫെലിസ്ത്യരുടെ കടൽ വരെയും മരുഭൂമി തുടങ്ങി നദി വരെയും ആക്കും". ഈ പ്രമാണം പുറപ്പാട് കാലത്ത് BC 1615 ൽ ചെങ്കടലിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്ത് വെച്ചാണ് മോശയ്ക്ക് നൽകിയത്.

"ഫെലിസ്ത്യരുടെ കടൽ" - തങ്ങളുടെ മാതൃദേശത്തേക്ക് ചോളം വിളയിക്കുന്നതിന് അവർ ക്രേത്തയിൽ നിന്നും (കഫ്തോർ) പടിഞ്ഞാറ് കനാനിന്റെ തീരത്ത് പാർത്തു. ക്രേത്ത അന്ന് പ്രബലമായ കടൽശക്തിയായിരുന്നു. അങ്ങനെയാണ് "ഫെലിസ്ത്യരുടെ കടൽ" എന്ന് വിളിക്കപ്പെട്ടത്. പുറപ്പാടിന് അര നൂറ്റാണ്ടുകൾക്ക് ശേഷം ഈ കടൽശക്തി സോരിലെയും സീദോനിലെയും ഫൊയിനിക്യരിലേക്ക് കൈമാറി. അങ്ങനെ പിന്നീട് അത് മഹാസമുദ്രമായി മാറി.

തെക്ക് കിഴക്കേ മരുഭൂമി, സീനായിലെ "മിഡ്ബാർ" വിജനപ്രദേശം (4057) (യൂണൈറ്റഡ് അറബ് റിപ്പബ്ലിക്ക്) മുതൽ കുവൈത്തിന്റെ പേർഷ്യൻ ഗൾഫ് (ഏലാം) വരെ.

നദിവരെ – ഫ്രാത്ത്നദി (6578) കിഴക്ക് മുതൽ വടക്കു വരെ. യിസ്രായേൽ ഈ വിശാലമായ ദേശത്തിന്റെ മുഴുവൻ അവകാശം ഇന്നുവരെ പ്രാപിച്ചിട്ടില്ല. അവർ ഇന്നുള്ളത് പോലെ തന്നെ സ്വന്ത ശക്തിയാൽ പോരാടുന്നതാണ് ഇതിനു കാരണം.

രേഖ # 3 ഈ പ്രമാണം കുറച്ചുകാലത്തിനു ശേഷമാണ് നൽകിയത്. ആവ. 1:6-8, "ഹോരേബിൽവെച്ച് [ഹോർ] നമ്മുടെ ദൈവമായ യഹോവ നമ്മോടു കൽപ്പിച്ചത്: നിങ്ങൾ ഈ പർവ്വതത്തിങ്കൽ പാർത്തതു മതി. തിരിഞ്ഞു യാത്രചെയ്തു അമോര്യരുടെ പർവ്വതത്തിലേക്കും അതിന്റെ അയൽ പ്രദേശങ്ങളായ സമതലം, മലനാട്, താഴ്വീതി, തെക്കേദേശം, കടൽക്കര എന്നിങ്ങനെയുള്ള കനാന്യദേശത്തേക്കും ലെബാനോനിലേക്കും ഫ്രാത്ത് എന്ന മഹാനദി വരെയും പോകുവിൻ. ഇതാ, ഞാൻ ആ ദേശം നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു. നിങ്ങൾ കടന്ന് യഹോവ നിങ്ങളുടെ പിതാക്കന്മാരായ അബ്രഹാമിനും യിസ്ഹാക്കിനും യാക്കോബിനും അവരുടെ സന്തതിക്കും കൊടുക്കുമെന്ന് അവരോട് സത്യം ചെയ്ത ദേശം കൈവശമാക്കുവിൻ."

"നീ തിരിഞ്ഞ്": പിറകോട്ട് തിരിയുവാൻ : പുറ. 14:2 ലെ "മിദ്ദോൽ" - "ശൂർ" മതിലിലുള്ള ഒരു കോട്ടയാണ്. ആസ്യയയിൽ നിന്നും മിസ്രയീമിനെ സംരക്ഷിക്കുവാൻ വേണ്ടി പണിതതാണ് ആ കോട്ട. 1 ശമു. 15:7, "ഹവീലാ മുതൽ മിസ്രയീമിനു കിഴക്കുള്ള ശൂർ വരെ." ഈ മതിൽ സുക്കൊത്തിന്റെ വടക്കുകിഴക്കു മുതൽ മഹാസമുദ്രം വരെയുണ്ടായിരുന്നു.

ആവ. 1:7-8, "തിരിഞ്ഞ് യാത്ര ചെയ്ത് അമോര്യരുടെ പർവ്വതത്തിലേക്കും അതിന്റെ അയൽ പ്രദേശങ്ങളായ സമതലം, മലനാട്, താഴ്വീതി, തെക്കേദേശം, കടൽക്കര എന്നിങ്ങനെയുള്ള കനാന്യദേശത്തേക്കും ലെബനോനിലേക്കും ഫ്രാത്ത് എന്ന മഹാനദി വരെയും പോകുവിൻ".

"അമോര്യരുടെ പർവ്വതം" ചാവുകടലിന്റെയും യോർദ്ദാൻ നദിയുടെയും കിഴക്കേക്ക് വ്യാപിച്ചുകിടക്കുന്ന പീഠഭൂമിയാണ്.

"സമതലം" (അരാബാ) ഗലീലിയയിൽ നിന്നും ചാവുകടലിലേക്ക് യോർദ്ദാൻ ഒഴുകുന്ന ആഴത്തിലുള്ള താഴ്വരയാണ്.

"മലനാട്" - ശമര്യാ (മധ്യത്തിൽ) മുഴുവനും യഹൂദ (കീഴെ) ഇപ്പോഴത്തെ വെസ്റ്റ് ബാങ്ക് ആയ ഗലീലിയും (മേൽഭാഗം) ഉൾപ്പെടുന്നു.

"താഴ്‌വീഥി" മധ്യധരണ്യാഴിക്ക് തെക്ക് താഴ്ന്ന തലമായ യോപ്പയാണ്; തെക്ക് കിഴക്ക് സീനായി ആയ (നെഗെബ്) ഗസാ; അക്കാബയുടെ (അറേബിയയുടെ) ഗൾഫും ഉൾപ്പെടുന്നതാണ്.

"കാനാന്യദേശത്തിലേക്കും ലെബാനോനിലേക്കും" - മുഴു യിസ്രായേലും വടക്കുനിന്ന് ഏഷ്യാ മൈനർ വരെയും മഹാനദി ഫ്രാത്ത് വരെയും ആണ്.

രേഖ # 4 ; ആവ. 11:23-24, "യഹോവ ഈ ജാതികളെയെല്ലാം നിങ്ങളുടെ മുൻപിൽ നിന്ന് നീക്കിക്കളയും; നിങ്ങളെക്കാൾ വലുപ്പവും ബലവുമുള്ള ജാതികളുടെ ദേശം നിങ്ങൾ കൈവശമാക്കും. നിങ്ങളുടെ ഉള്ളംകാൽ ചവിട്ടുന്ന ഇടമൊക്കെയും നിങ്ങൾക്കാകും; നിങ്ങൾക്ക് അതിർ മരുഭൂമി മുതൽ ലെബാനോൻ വരെയും ഫ്രാത്ത് നദിമുതൽ പടിഞ്ഞാറ് കടൽ വരെയും ആകും".

"മരുഭൂമി മുതൽ" (വിജനപ്രദേശം 4057) ഇത് നാം രണ്ടാമത്തെ രേഖയിൽ പരിശോധിച്ചതാണ്. തെക്കെ അറേബ്യൻ മരുഭൂമി മുതൽ വടക്ക് ലെബാനോൻ വരെയും, കിഴക്ക് ഫ്രാത്ത് മുതൽ പടിഞ്ഞാറ് അറ്റ

ത്തുള്ള കടൽവരെയും (അക്കാരോൻ 314). ഏറ്റവും അങ്ങേയറ്റത്തെ കടലായ മധ്യധരണിയാഴിക്കുള്ള എബ്രായ പദമാണ് അക്കാരോൻ.

പിതാവായ അബ്രാഹാമിനോടും തന്റെ സന്തതികളിൽ നിന്ന് ഒരു മഹാരാജ്യം വികസിപ്പിക്കുമെന്ന് ദൈവം വാഗ്ദത്തം ചെയ്ത വസ്തുത ബൈബിൾ (ദൈവവചനം) നിലനിർത്തുന്നു എന്നും, സുവിശേഷയുഗ കൊയ്ത്തിൻ വേലയ്ക്ക് ശേഷം അന്ത്യത്തിൽ അത് യാഥാർത്ഥ്യമാകും എന്ന് കാണിച്ചുകൊണ്ട് പുതിയ നിയമം ആ വാഗ്ദത്തത്തെ ഉയർത്തിപ്പിടിക്കുന്നു എന്നും തിരിച്ചറിയുന്നത് എത്ര ആശ്വാസകരമാണ്. മുൻ വിശദീകരിച്ച ദേശം ഇപ്പോഴത്തെ രാഷ്ട്രങ്ങളായ ഈജിപ്റ്റ്, സീനായി, യിസ്രായേൽ, ലെബനോൻ, സിറിയ, ട്രാൻസ് ജോർദാൻ, വടക്കേ സൗദി അറേബ്യ പടിഞ്ഞാറ് ഇറാക്ക് എന്നിവ ഉൾപ്പെടുന്നതാണ്. ഇത് ഇപ്പോഴത്തെ യിസ്രയേലിന്റെ 28 മടങ്ങ് വലിയതാണ്.

കൽദയ പട്ടണമായ ഊരിലെ തന്റെ ഭവനം ഉപേക്ഷിച്ചു ഹാരാനിലേക്ക് (ദേശത്തിന്റെ വടക്ക് പടിഞ്ഞാറ് ഭാഗം) പോയ അബ്രഹാമിന്റെ വിളിയാണ് ചരിത്രത്തിലെ മഹാ സംഭവങ്ങളിൽ ഒന്ന്. അവിടെ നിന്ന് അവൻ കാനാനിലേക്കു യാത്രയായി. പിന്നീട് യാക്കോബ് ഗോശേൻ (ദേശത്തിന്റെ തെക്ക് പടിഞ്ഞാറ് അറ്റം) ദേശത്ത് പാർക്കുവാൻ മിസ്രയേമിലേക്ക് യാത്രയായി. ഈ കൈകളിൽ എണ്ണമെടുക്കുവാൻ കഴിയുന്ന ആളുകളിൽ നിന്ന് ദശലക്ഷം ആളുകൾ അടങ്ങുന്ന ഇന്നത്തെ യിസ്രായേൽ ഉണ്ടായത് ഇവിടെനിന്നാണ്. അങ്ങനെ അവർ ഒരു രാഷ്ട്രമാവുകയും സീനായിയിൽ വെച്ച് 1615 BC യിൽ ന്യായപ്രമാണ ഉടമ്പടിയോടെ ദൈവത്തോട് ഉടമ്പടി ബന്ധത്തിൽ പ്രവേശിക്കുകയും ചെയ്തു.

ഇനി നമുക്ക് ഉൽപ. 14:18-20 പരിശോധിക്കാം, "ശാലേം രാജാവായ മൽക്കിസേദെക്ക് അപ്പവും വീഞ്ഞും കൊണ്ടുവന്നു; അവൻ അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്നു, അവൻ അവനെ അനുഗ്രഹിച്ചു. സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായി അത്യുന്നതനായ ദൈവത്താൽ അബ്രാം അനുഗ്രഹിക്കപ്പെടുമാറാകട്ടെ; നിന്റെ ശത്രുക്കളെ നിന്റെ കയ്യിൽ ഏൽപ്പിച്ച അത്യുന്നതനായ ദൈവം സ്തുതിക്കപ്പെടുമാറാകട്ടെ, അവന് അബ്രാം സകലത്തിനും ദശാംശം കൊടുത്തു." ഈ വേദഭാഗത്ത് വ്യാഖ്യാനം തടസ്സപ്പെടുന്ന രീതിയിൽ ഒരു കൂട്ടിച്ചേർപ്പ് ഉണ്ട്. ഫറവോൻ അവനോഫിസ് മൂന്നും നാലും ഭരണകാലത്ത് മിസ്രയീം പാലസ്ത്തീന്റെ അധീനതയിലായിരുന്നുവെന്ന് യിസ്രായേലിൽ നിന്നു കണ്ടെത്തിയ ചില ഫലകങ്ങൾ വ്യക്തമാക്കുന്നു. മൽക്കീസേദെക്കിന്റെ പിൻഗാമിയായ ഏബെദ്തോബിൽ നിന്നുള്ള ഒരാൾ മൽക്കിസേദെക്കിനെ കുറിച്ച് മൂന്ന് തവണ ഇങ്ങനെ പ്രസ്താവിക്കുന്നു, "എന്റെ പിതാവോ, എന്റെ മാതാവോ അല്ല എന്നെ ഈ പ്രദേശത്ത് പ്രതിഷ്ഠിച്ചത്, ശക്തനായ രാജാവാണ്."

എത്ര ഭംഗിയോടെയാണ് ഇത് എബ്രാ. 7:1-3 നോട് സമാനമായിരിക്കുന്നത്, "ശാലേം രാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനുമായ ഈ മൽക്കിസേദെക്ക് രാജാക്കന്മാരെ ജയിച്ചു മടങ്ങിവരുന്ന അബ്രഹാമിനെ എതിരേറ്റ് അനുഗ്രഹിച്ചു; അബ്രഹാം അവന് സകലത്തിനും പത്തിലൊന്നു കൊടുത്തു. അവന്റെ പേരിന് ആദ്യം നീതിയുടെ രാജാവെന്നും പിന്നെ ശാലേം രാജാവ് എന്നുവച്ചാൽ സമാധാനത്തിന്റെ രാജാവ് എന്നും അർത്ഥം. അവനു പിതാവില്ല, മാതാവില്ല, വംശാവലിയില്ല, ജീവാരംഭവും ജീവാവസാനവും ഇല്ല, അവൻ ദൈവപുത്രനു തുല്യനായി എന്നേക്കും പുരോഹിതനായിരിക്കും."

യുഗാരംഭം മുതൽ യഹോവ തന്റെ ജനത്തെ കൃപയോടെ കാക്കുകയും ആവശ്യ സന്ദർഭങ്ങളിൽ ആശ്വാസം നൽകുകയും ചെയ്തു. "നിന്നെ രക്ഷിപ്പാൻ ഞാൻ നിന്നോട് കൂടെയുണ്ട് എന്ന് യഹോവയുടെ അരുളപ്പാട്; നിന്നെ ഞാൻ ചിതറിച്ചു കളഞ്ഞ സകലജാതികളെയും ഞാൻ മുടിച്ചു കളയും; എങ്കിലും നിന്നെ ഞാൻ മുടിച്ചു കളയുകയില്ല; ഞാൻ നിന്നെ ന്യായത്തോടെ ശിക്ഷിക്കും, ശിക്ഷിക്കാതെ വിടുകയില്ലതാനും" (യിരെ. 30:11). "അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ" (മത്താ. 27:25) എന്ന് ആർത്ത കുറ്റവാളിയായ ദേശത്തിന് തീ കൊണ്ടുള്ള സ്നാനം ദൈവം അനുവദിച്ചു. യോവേ. 3:17 ഈ ആശയം മുന്നോട്ട് വയ്ക്കുന്നതായി കാണാം. "അങ്ങനെ ഞാൻ എന്റെ വിശുദ്ധ പർവ്വതമായ സീയോനിൽ വസിക്കുന്നവനായി നിങ്ങളുടെ ദൈവമായ യഹോവ എന്ന് നിങ്ങൾ അറിയും." തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിനെതിരെ പ്രതികാരം ചെയ്യുവാൻ പോയിരിക്കുന്നവരുടെ രക്തത്തെ യഹോവ ശുദ്ധിചെയ്യും. "പ്രിയമുള്ളവരെ, നിങ്ങൾത്തന്നെ പ്രതികാരം ചെയ്യാതെ ദൈവകോപത്തിന് ഇടം കൊടുപ്പിൻ; പ്രതികാരം എനിക്കുള്ളത്; ഞാൻ പകരം ചെയ്യും എന്ന് കർത്താവ് അരുളിച്ചെയ്യുന്നു" (റോമ. 12:17). യോവേ. 3:17 ൽ തുടർച്ചയായി : "യെരുശലേം വിശുദ്ധമായിരിക്കും; അന്യജാതിക്കാർ ഇനി അതിൽ കൂടി

കടക്കുകയുമില്ല." ബൈബിളിന് അപരിചിതനായവൻ യാതൊരു അവകാശവും ഇല്ലാത്തവനാണ്. ലേവ്യ. 25:23, "നിലം ജന്മം വിൽക്കരുത്; ദേശം എനിക്കുള്ളതാകുന്നു; നിങ്ങൾ എന്റെ അടുക്കൽ പരദേശികളും വന്നു പാർക്കുന്നവരും അത്രെ."

ദൈവത്തിന്റെ വാഗ്ദത്തങ്ങൾ ഉറപ്പുള്ളവയാണ്. ആയതിനാൽ യിസ്രയേലിനെ അവരുടെ ദേശത്തുനിന്ന് ഒഴിപ്പിക്കുന്നതിനുള്ള അറബികളുടെയോ മറ്റാരുടെയോ ഒരു ശ്രമങ്ങളും നടപ്പാകുകയില്ല. ആമോ. 9:14 : "അപ്പോൾ ഞാൻ എന്റെ ജനമായ യിസ്രായേലിന്റെ പ്രവാസികളെ മടക്കിവരുത്തും; ശൂന്യമായിപോയിരുന്ന പട്ടണങ്ങളെ അവർ പണിത് പാർക്കുകയും മുന്തിരിത്തോട്ടങ്ങൾ ഉണ്ടാക്കി അവയിലെ വീഞ്ഞ് കുടിക്കുകയും തോട്ടങ്ങൾ ഉണ്ടാക്കി അവയിലെ ഫലം അനുഭവിക്കുകയും ചെയ്യും." ഇത്തരത്തിൽ യിസ്രായേലിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന അത്ഭുതങ്ങളും ലോകത്തെ അമ്പരപ്പിക്കുകയും യിസ്രായേലിലേക്ക് അവരുടെ കണ്ണുകൾ ഉറ്റുനോക്കുകയും ചെയ്യു അത്ഭുതകരമായ സംഭവവികാസങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. നൂറ്റാണ്ടുകൾക്ക് മുമ്പ് ദൈവം നൽകിയ പല പ്രവചനങ്ങളും ഇപ്പോൾ നമ്മുടെ മുൻപിൽ നിവർത്തിയായി കൊണ്ടിരിക്കുന്നു.

"അപ്പോൾ ഞാൻ എന്റെ ജനമായ യിസ്രായേലിന്റെ പ്രവാസികളെ മടക്കിവരുത്തും; ശൂന്യമായിപ്പോയിരുന്ന പട്ടണങ്ങളെ അവർ പണിതുപാർക്കുകയും മുന്തിരിത്തോട്ടങ്ങൾ ഉണ്ടാക്കി അവയിലെ വീഞ്ഞു കുടിക്കുകയും തോട്ടങ്ങളുണ്ടാക്കി അവയിലെ ഫലം അനുഭവിക്കുകയും ചെയ്യും. ഞാൻ അവരെ അവരുടെ ദേശത്ത് നടും; ഞാൻ അവർക്കു കൊടുത്തിരിക്കുന്ന ദേശത്തുനിന്ന് അവരെ ഇനി പറിച്ചുകളയുകയില്ല എന്ന് നിന്റെ ദൈവമായ യഹോവ അരുളി ചെയ്യുന്നു"
**ആമോസ് 9:14-15**



# ചെറിയ ആട്ടിൻകൂട്ടത്തിനുള്ള വാഗ്ദത്തങ്ങൾ എപ്പിഫനി പാളയസമർപ്പിതർക്കും യോജിച്ചതാണ്

## PROMISES TO LITTLE FLOCK PROPER FOR EPIPHANY CAMPERS

അമർത്യത, ദിവ്യപ്രകൃതി, ക്രിസ്തുവിനോട് കൂടിയുള്ള കൂട്ടവകാശം, സിംഹാസനത്തിലെ സ്ഥാനവും മണവാട്ടി സഭാംഗത്വവും, രാജപുരോഹിത കുലാംഗത്വം എന്നീ വാഗ്ദത്തങ്ങൾ ഉൾപ്പെടെ അനേക വാഗ്ദത്തങ്ങൾ ചെറിയ ആട്ടിൻ കൂട്ടത്തിനു മാത്രം അവകാശപ്പെട്ടതായി തിരുവെഴുത്തുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതേ, നേരിട്ട് ചെറിയ ആട്ടിൻ കൂട്ടത്തിനു മാത്രമായിട്ടെന്നു സൂചിപ്പിക്കുന്ന പ്രധാനപ്പെട്ട വേറെ ധാരാളം തിരുവെഴുത്തുകളുമുണ്ട്. എന്നാൽ അത് പരോക്ഷമായി ചില തത്വങ്ങളിലധിഷ്ഠിതമായി കർത്താവിന്റെ മറ്റ് താണവിഭാഗത്തിൽപെട്ട വിശ്വസ്തദാസന്മാർക്കും കൂടെ ബാധകമാകുന്നതാണ്.

ഉല്പ. 49:5 ൽ ശിമെയോനെയും ലേവിയേയും "അവരുടെ സ്വഭാവത്തിലുള്ള ക്രൂരതയുടെ ഉപകരണങ്ങളായി" ചിത്രീകരിച്ചിരിക്കുന്നതായി കാണുന്നു. "ചെറിയ ആട്ടിൻകൂട്ടം അവരുടെ ആലോചനയോട് യോജിക്കാതെയും സ്വഭാവം കൊണ്ട് അവരുടെ കൂട്ടായ്മയോട് പങ്കാളികളാകാതെയും ഇരിക്കുന്നതിനുള്ള ശക്തമായ ആലോചനയും പ്രബോധനവുമാണ് ഇവിടെയുള്ളത്" (6-ാം വാക്യവും എപ്പിഫനി വാല്യം 10 പേജ് 660 ന്റെ താഴെ ഭാഗവും കാണുക) ജോൺസൻ സഹോദരൻ ഈ വേദഭാഗത്തെ ഇങ്ങനെ ഉപയോഗിച്ചിരിക്കുന്നതായി കാണുന്നു, "ഓ, എന്റെ ആത്മാവെ നിനക്ക് അവരുടെ ആലോചനയിലും യോഗത്തിലും പങ്കുണ്ടാകരുത്, അവരുടെ യോഗങ്ങൾക്ക് എന്റെ അംഗീകാരാദരവുകൾ അവരോടുകൂടെ ഉണ്ടാവുകയില്ല." ഇന്ന് എപ്പിഫനിയിൽ നേരെ ബാധകമാകുന്നത് ഈ പ്രവണതയോടുള്ള അദ്ദേഹത്തിന്റെ ശക്തമായ

എതിർപ്പാണ്. ഇക്കാലത്തെ അരിക്കലിലും അരിക്കൽ വേലക്കാരുടെ ആലോചനയിലും യോജിക്കാതെയും പങ്കാളികളാകാതെയും ഇരിക്കുന്നതിന് ഇത് മറ്റുള്ള വർക്ക് ഒരു മുന്നറിയിപ്പും കൂടെയാണ്. ജോൺസൻ സഹോദരൻ സാധാരണയായി ഈ പാഠം മറ്റുള്ളവർക്ക് ഉപദേശിച്ചു കൊടുക്കുമ്പോൾ ഉല്പ. 49:5 ൽ നേരെ പറയുന്നതിലുപരിയായി ഇപ്രകാരം പറയാറുണ്ട്; ഞങ്ങളും ഇതുപോലെ ചെയ്യുന്നു.

സത്യം അതിന്റെ എല്ലാ എതിരാളികളുടെയും മേൽ വിജയം വരിക്കുമെന്നുള്ളത് ഉറപ്പുള്ള കാര്യമാണ്. നാം ഇതിനെ അനുകൂലിക്കുകയും ഇതിനെതിരായി പ്രതിരോധിക്കുകയും ചെയ്യുമ്പോൾ, തത്വത്തിൽ യെശ. 54:17 ലെ വിലയേറിയ വാഗ്ദത്തം നമുക്കുള്ളതായി അവകാശപ്പെടുകയും കൂടെ ചെയ്യുകയാണ്. "നിനക്ക് വിരോധമായി ഉണ്ടാകുന്ന യാതൊരു ആയുധവും ഫലിക്കയില്ല; ന്യായവിസ്താരത്തിൽ നിനക്ക് വിരോധമായി എഴുന്നേൽക്കുന്ന എല്ലാ നാവിനെയും നീ കുറ്റം വിധിക്കും; യഹോവയുടെ ദാസന്മാരുടെ അവകാശവും എന്റെ പക്കൽ നിന്നുള്ള അവരുടെ നീതിയും ഇതുതന്നെയാകുന്നു എന്ന് യഹോവ അരുളിചെയ്യുന്നു."

യെശ. 54:17 നെക്കുറിച്ച് റസ്സൽ സഹോദരൻ താഴെവരുംപ്രകാരം പറയുന്നു: "ഇത് ഒരു വ്യക്തിക്ക് മാത്രം ബാധകമാകുന്നതല്ല; പിന്നെയോ പ്രതിഷ്ഠിതരായ എല്ലാ കർത്തൃദാസന്മാർക്കും ബാധകമാണ്; ആത്മീയ യിസ്രായേല്യരായ ഓരോരുത്തർക്കും ഇത് അവകാശം പറയുകയും ഇതിൽ വിശ്രാമം പ്രാപിക്കുകയും ഇതിൽ സന്തോഷിക്കുകയും ചെയ്യാം." എല്ലാ അഞ്ച് സഹസ്രാബ്ദ പൂർവ്വ സമർപ്പിത ആത്മീയ യിസ്രായേല്യ ഗണങ്ങളും ഇതിൽ ഉൾപ്പെടും എന്നുള്ളതിന് സംശയം വേണ്ട.

ലൂക്കൊ. 21:15 ലെ വാഗ്ദത്തം ഉന്നതമായ അർത്ഥത്തിൽ ചെറിയ ആട്ടിൻകൂട്ടത്തിന് ബാധകമാകുന്നതാണ്. എന്നാൽ ദൈവത്തിന്റെ മറ്റുള്ള സമർപ്പിത ജനം ഈ അനുഗ്രഹത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു എന്ന് നാം ചിന്തിക്കേണ്ട. "ദൈവവചനം എന്ന ആത്മാവിന്റെ വാൾ" ആകുന്ന സത്യമാണ് എതിരാളിയുടെ എല്ലാ ആക്രമണങ്ങളെയും പ്രതിരോധിക്കുന്നതിന് നമുക്കുള്ള ആയുധമെന്നു നാം തീർച്ചയായും ഓർക്കണം (എഫെ. 6:17; എബ്രാ. 4:12; വെളി. 1:16) - ഇത് നമ്മുടെ സ്വന്ത ജ്ഞാനമല്ല. ക്രൂശിന്റെ പടയാളികൾ ആ ഇരുവായ്ത്തലയുള്ള വാൾ എടുത്ത് ഉപയോഗിക്കുന്നതിന് അനുസരിച്ച് "തങ്ങളുടെ എതിരികൾക്ക് ആർക്കും ചെറുപ്പാനോ എതിർ പറവാനോ കഴിയാത്ത വാക്കും ജ്ഞാനവും കർത്താവ് അവർക്ക് നൽകും."

ദൈവവചനത്തെ, പാകമായ സത്യത്തെ ആയുധമാക്കിയ മുൻകാലത്ത് ഉണ്ടായിരുന്ന വീരന്മാരെ സംവാദങ്ങളിൽ എതിർത്ത് തോൽപ്പിക്കുവാൻ കഴിയുമായിരുന്നില്ല. സംവാദത്തിൽ സ്തേഫാനോസിനോട് കിടപിടിക്കാൻ സിനഗോഗിലെ ജ്ഞാനികൾക്ക് കഴിഞ്ഞില്ല. "അവൻ സംസാരിച്ച ജ്ഞാനത്തോടും ആത്മാവോടും എതിർത്ത് നിൽപ്പാൻ അവർക്ക് കഴിഞ്ഞില്ല (അപ്പൊ. 6:10). എതിർ ക്രിസ്തു തന്ത്രത്തിന്റെ എല്ലാ ആക്രമണങ്ങളെയും തങ്ങൾക്കുള്ള സത്യം കൊണ്ട് നേരിടുവാൻ നവീകരണക്കാർ പ്രാപ്തരായിരുന്നു. കൂടാതെ ചെറിയ ആട്ടിൻകൂട്ടവും, കൊയ്ത്തുകാലത്ത് സത്യത്തിലേക്ക് വന്ന മഹാപുരുഷാരവും ഒരുമിച്ച് നടക്കുകയും സംസാരിക്കുകയും ചെയ്തതുകൊണ്ട് മഹാബാബിലോണിന്റെ സകല തെറ്റുകളെയും എതിർക്കുവാൻ തക്കതായ "ജ്ഞാനമുള്ളോരു അധരം" അവർക്ക് നൽകപ്പെട്ടു. വിശാലമാക്കപ്പെട്ട സുവിശേഷയുഗ കൊയ്ത്തുകാലമായ ഇപ്പോൾ സത്യം പാകമാകുന്നതനുസരിച്ച് ചുരുളഴിക്കപ്പെടുമ്പോൾ കുട്ടി ബാബിലോണിലെ സകല എതിരാളികൾക്കും, കൂടാതെ യുവവീരന്മാരിൽ നിന്നും എപ്പിഫനി പാളയ സമർപ്പിതരിൽ നിന്നും അരിക്കലുകാരായി പുറത്തുവന്നവർക്കും എതിർപറവാനോ ചെറുത്തു നില്പാനോ കഴിയാത്തവിധം ജ്ഞാനമുള്ള അധരം ദൈവം തന്റെ സമർപ്പിത മക്കൾക്ക് നൽകി. സാത്താൻ അവന്റെ സകലവിധ തന്ത്രങ്ങളും കൗശലങ്ങളും പ്രയോഗിക്കുന്നു. എന്നാൽ ഇന്നും 'വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേൽപ്പിക്കപ്പെട്ട അതിവിശുദ്ധ വിശ്വാസമോ അജയ്യമായി നിലകൊള്ളുന്നു. "യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു" എന്ന ഏകകാര്യത്തിൽ നാം നമ്മുടെ വിശ്വാസത്തെ പണിയുന്നു; നമുക്ക് ഭയപ്പെടാനൊന്നുമില്ല.

ഇതേ തത്വം തന്നെ ദൈവത്തിന്റെ ഇക്കാലത്തെ ആത്മാർത്ഥതയുള്ള സത്യജനങ്ങൾക്കും ബാധകമായിരിക്കുന്നു; അതിനുള്ള ഉറപ്പ് ദൈവം ഇങ്ങനെ നൽകുന്നു: എന്റെ വായിൽ നിന്നു പുറപ്പെടുന്ന എന്റെ വചനം ഇങ്ങനെയായിരിക്കും; അതുവെറുതെ എന്റെ അടുക്കലേക്ക് മടങ്ങിവരാതെ എനിക്ക് ഇഷ്ടമുള്ളത് നിവർത്തിക്കുകയും ഞാൻ അയച്ച കാര്യം സാധിപ്പിക്കുകയും ചെയ്യും" (യെശ. 55:11). പറൂസ്യാ എപ്പിഫനി സത്യത്തോട് ഇന്നും ആത്മാർത്ഥതയുള്ളവരായി നിലനിൽക്കുകയും, "വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭര

മേൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിനായി പോരാടുകയും" (യൂദാ. 3) "യഹോവയുടെ വെളിച്ചത്തിൽ നടക്കുകയും" (യെശ. 2:5) ചെയ്യുന്നവർക്ക് സുവിശേഷയുഗത്തിൽ ചെറിയ ആട്ടിൻകൂട്ടത്തിന് ലഭിച്ചതുപോലുള്ള അനുഗ്രഹകരമായ അനുഭവങ്ങൾ ഉണ്ടാകും; എന്തുകൊണ്ടെന്നാൽ "ദൈവം നമുക്ക് അനുകൂലമെങ്കിൽ നമുക്ക് പ്രതികൂലമാർ?" (റോമ. 8:31) ദൈവീക പദ്ധതികൾക്ക് യാതൊരു മാറ്റവുമില്ല, അതിനെക്കുറിച്ചുള്ള കൂടുതൽ വ്യക്തമായ ആശയങ്ങൾ നൽകപ്പെട്ടിരിക്കുന്നു.

വിശ്വസ്തനും ബുദ്ധിമാനുമായ ദൈവത്തിന്റെ ദാസനായ പാസ്റ്റർ റസ്സൽ (മത്താ. 24:45) പറൂസ്യാ കാലത്ത് അടിസ്ഥാനങ്ങൾ ഇടുകയും "ദൈവജനങ്ങൾക്കിടയിൽ (എപ്പിഫനി) പാളയം പണിയുന്നതിനുള്ള ഒരുക്കവേലകൾ ചെയ്യുകയും ചെയ്തു. നമ്മുടെ നിലവിലെ ആവശ്യങ്ങൾക്ക് അനുയോജ്യമാകുംവിധം റസ്സൽ സഹോദരന്റെയും ജോൺസൻ സഹോദരന്റെയും വചനങ്ങളിൽ നിന്നും ചിലത് ശേഖരിച്ചുകൊണ്ട് ബൈബിൾ സ്റ്റാൻഡേർഡ് മിനിസ്ട്രീസ് (L.H.M.M) ഈ അടിസ്ഥാന സത്യങ്ങളെ നിലനിർത്തുന്നതിൽ അദ്ധ്വാനിക്കുകയും ചെയ്യുന്നു (P.T. 54, P. 59).

## എപ്പിഫനി പാളയസമർപ്പിതരുടെ പദവിയും അവകാശങ്ങളും

ഇക്കാലത്തെ ജാതികളിൽ നിന്നുള്ള സമർപ്പിതരായ വിശ്വാസികൾക്ക് (ദൈവം അവരെ യിസ്രായേല്യരായി എണ്ണിയിരിക്കുന്നു) രാജ്യത്തിൽ ജഡിക യിസ്രായേല്യരേക്കാളും മുൻഗണന നൽകുമെന്ന് റസ്സൽ സഹോദരനും ജോൺസൻ സഹോദരനും പഠിപ്പിക്കുന്നു എന്ന് ഞങ്ങൾ ആവർത്തിച്ചു പറഞ്ഞുകൊള്ളട്ടെ. (PT '72, p. 15 ൽ നിന്നു ഞങ്ങൾ ഉദ്ധരിക്കുന്നത്: യഥാസ്ഥാപന വാഗ്ദത്തമായ പുതിയ ഉടമ്പടിയിൻ കീഴിൽ വരുന്നതും പ്രധാനമായും ജാതികൾ ഉൾപ്പെടുന്നതുമായ യുവവീര ഗണത്തിന്റെ കാര്യത്തിൽ "ആദ്യം യഹൂദൻ എന്ന നിയമത്തിനു ദൈവം ഒഴികഴിവ് വരുത്തിയത് പോലെ, യഥാസ്ഥാപന ഉടമ്പടിൻ കീഴിൽ വരുന്നതും പാപം വാഴുമ്പോൾ തന്നെ ദൈവത്തിന് വിശ്വാസത്താൽ പൂർണമായി സമർപ്പിക്കപ്പെട്ടതും പ്രധാനമായും ജാതികൾ ഉൾപ്പെടുന്നതുമായ എപ്പിഫനിപാളയ ഗണത്തിന്റെ കാര്യത്തിലും ഈ ഒഴികഴിവ് ഉണ്ടാകും. പൊതുവെ യഹൂദന്മാരിൽ നിന്ന് ശേഷിക്കുന്ന യഥാസ്ഥാപന വർഗത്തിന് മുൻഗണന കൊടുക്കുന്നതിൽ ഒരു കുറവും ഉണ്ടാവുകയുമില്ല. ഇതാണ് ദൈവം ചെയ്യുവാൻ ഉദ്ദേശിക്കുന്നത് എന്ന് അവന്റെ വചനവും കാണിക്കുന്നു. എപ്പിഫനിപാളയ സമർപ്പിതർ കെതൂറയുടെ മൂന്നാമത്തെ മകനായ മെദാനാലും യഹൂദന്മാരിൽ നിന്നുള്ള ക്വാസി ഇലക്ട് കെതൂറായുടെ നാലാമത്തെ മകനായ മിദ്യാനാലും ചിത്രപ്പെടുത്തപ്പെട്ടിരിക്കുന്നു.

PT '70, PP 87-90 ൽ യരുശലേം പണിയപ്പെട്ടിരിക്കുന്ന പർവ്വതങ്ങളായ സിയോനും മോറിയായും ചെറിയ ആട്ടിൻകൂട്ടത്തെയും പുരാതന വീരന്മാരെയും കാണിക്കുന്നെന്നും, കുന്നുകളായ അക്രയും ബസീത്തയും മഹാപുരുഷരത്തെയും യുവവീരന്മാരെയും കാണിക്കുന്നെന്നും നാം മനസ്സിലാക്കുന്നു. കൂടുതലായി ഞങ്ങൾ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത് ഒഫേൽ കുന്നിനാൽ ചിത്രപ്പെടുത്തിയിരിക്കുന്ന എപ്പിഫനി പാളയസമർപ്പിതർ, യഹൂദന്മാരിൽ നിന്നും ജാതികളിൽ നിന്നും വരുന്ന ശേഷിക്കുന്ന ക്വാസി ഇലക്ടിനേക്കാൾ ഉയർന്ന ഗണമാണെന്നുള്ളതും, കൂടാതെ യെരുശലേമിന്റെ ഉയർന്നതും താണതുമായ താഴ്വര പ്രദേശങ്ങളാൽ ചിത്രപ്പെടുത്തുന്ന തിരഞ്ഞെടുക്കപ്പെടാത്തവരെക്കാളും അവർ ഉയർന്ന തലത്തിലുള്ളവരായിരിക്കും എന്നുള്ളതാണ് (E-12, P 526; E 16, P. 283). സഹസ്രാബ്ദത്തിൽ, രാജ്യത്തിന്റെ ഭൗമികവശം സ്ഥാപിതമായതിനുശേഷം സൂചിതാർത്ഥ "പർവ്വതങ്ങൾ ജനത്തിന് സമാധാനം നൽകുകയും എപ്പിഫനി പാളയസമർപ്പിതരെ ചിത്രപ്പെടുത്തുന്ന ഒഫേൽ ഉൾപ്പെടെയുള്ള കുന്നുകൾ ജനത്തിന് നീതി നൽകുകയും ചെയ്യും.

അങ്ങനെ ദൈവം തന്റെ യഥാർത്ഥ സമർപ്പിത ജനത്തിന് ഉന്നതമായ കാലോചിത അനുഗ്രഹങ്ങൾ നൽകുന്നു – യഹൂദവംശത്തിൽ പെട്ടവരല്ലായെങ്കിലും അവർ അബ്രഹാമ്യ സന്തതിയെന്ന് കണക്കാക്കപ്പെടുന്നു. ജോൺസൻ സഹോദരൻ PT '49, 128 ൽ പറയുന്നതുപോലെ ദൈവവും തന്റെ അനുഗ്രഹങ്ങളെ ചിലപ്പോൾ തടഞ്ഞുവെക്കുന്നു. "ഏവർക്കും സ്വാഗതം" എന്ന വാക്കുകളുടെ പൊതുവായ ഉപയോഗത്തിനും ചില പരിധികളുണ്ട്. അത് ഫിലഡൽഫ്യ കൺവൺഷന്റെ അറിയിപ്പിൽ പ്രഖ്യാപിക്കുന്നതാണെന്നിരിക്കട്ടെ, അതിനർത്ഥം: "പുറത്താക്കപ്പെട്ടവർ ഒഴികെ എല്ലാവർക്കും സ്വാഗതം" എന്നാണല്ലോ. വിശ്വസ്തരായിരിക്കാൻ വേണ്ടി യഥാർത്ഥ സമർപ്പിതരുടെ കഴിവ് ദൈവം അളക്കുന്നത് മൂന്ന് കാര്യങ്ങളിലൂടെയാണ്.

(1) അവർക്കുള്ള പരിശുദ്ധാത്മാവിന്റെ വ്യത്യസ്ത അളവുകൾ

(2) അവരുടെ വിവിധ താലന്തുകൾ

(3) അവരുടെ കരുതൽ സാഹചര്യങ്ങൾ

## ലവൊദിക്യ കാലഘട്ടം ക്ലിപ്തവും പരിധി നിർണയിച്ചിട്ടില്ലാത്തതുമാകുന്നു

കൊയ്ത്തുകാലമാകുന്ന ലവൊദിക്യ കാലഘട്ടം അവസാനിക്കുന്നതിനെക്കുറിച്ച് പറയുമ്പോൾ "അതിന്റെ 1874-1954 വരെയുള്ള ആദ്യത്തെ 40 വർഷം ഫലശേഖരണ കാലവും (പറൂസ്യാ) രണ്ടാമത്തെ 40 വർഷം കൊയ്ത്തിനെ തുടർന്ന് ശേഷിക്കുന്ന അതിന്റെ അനന്തര നടപടികൾക്കുള്ള കാലവും (എപ്പിഫനി)" ആണെന്ന് ജോൺസൻ സഹോദരൻ സൂചിപ്പിച്ചിരിക്കുന്നു (E-6, P. 377; P. 383 മുകൾഭാഗവും കാണുക). ദൈവജനങ്ങളെ സംബന്ധിച്ചിടത്തോളം ലവൊദിക്യ കാലഘട്ടത്തിന്റെ അവസാനവും എപ്പിഫനിയും സുവിശേഷ യുഗത്തിന്റെ അവസാനത്തിലെ പ്രത്യേക ഭാഗവും ഒരുമിച്ച് അവസാനിക്കുന്നതായി കാണുന്നു. 1950 ഒക്ടോബർ 22-ാം തീയതി ചെറിയ ആട്ടിൻകൂട്ടത്തിന്റെ അവസാനത്തെ അംഗത്തിന്റെ രാജ്യത്തിലേക്കുള്ള കൂട്ടിച്ചേർക്കൽ ഉണ്ടായി. ഇത് 1954 ന് ചില വർഷങ്ങൾക്ക് മുമ്പ് ക്രിസ്തു ശരീരത്തിന്റെ ഭാഗമായി ലവൊദിക്യ കാലഘട്ടത്തിൽ ജഡത്തിലുണ്ടായിരുന്ന സഭാംഗങ്ങളുടെ അന്ത്യം കുറിച്ചുകൊണ്ടായിരുന്നു. ലവൊദിക്യാ സഭയുടെ മറ്റു ഭാഗങ്ങൾക്ക് ഇത് ബാധകമായില്ല. മറ്റ് ഭാഗങ്ങൾക്ക്, അതായത് ലവൊദിക്യ കാലഘട്ടത്തിനും എപ്പിഫനി കാലഘട്ടത്തിലും 1954 നിയന്ത്രിതമായ അർത്ഥത്തിൽ ചില അവസാനം വരുത്തുന്നു. ഇവിടെയും യുവവീരന്മാർ ഉൾപ്പെടെ സുവിശേഷയുഗ തിരഞ്ഞെടുപ്പു ഗണത്തിന്റെ അംഗസംഖ്യ മുഴുവനും പൂർത്തീകരിക്കപ്പെടുകയും ബാസിലിയ വേലയുടെ ആദ്യപടി തുടങ്ങുകയും ചെയ്യുന്നു (PT '54, PP. 41,42,51-59 കാണുക).

എപ്പിഫനി കാലഘട്ടം ചില നിയന്ത്രിതമായ അർത്ഥത്തിൽ 1954 ൽ അവസാനിക്കുന്നെങ്കിലും മറ്റുചില അർത്ഥങ്ങളിൽ ഇത് 1954, 1956 വർഷങ്ങൾ കടന്നു മുന്നോട്ടു പോകുന്നു (PT' 54, PP. 51-54 കാണുക). സഭയുടെ ലവൊദിക്യ കാലഘട്ടത്തിന്റെ അവസാന ഭാഗമായ എപ്പിഫനി 1954, 56 ന ശേഷവും തുടർന്നു പോകുന്നതുമാണ്. കൂടാതെ മഹാപുരുഷാരവും (യഥാർത്ഥ സഭയുടെ ഭാഗം - E 8 PP. 238, 239) യുവവീരന്മാരും 1954-1956 വർഷങ്ങൾക്ക് ശേഷവും അനിശ്ചിതമായ കാലവർഷങ്ങളിലേക്ക് ഇവിടെ ഉണ്ടായിരിക്കും. അവർക്ക് വേണ്ടി ലവൊദിക്യ കാലഘട്ടം 1954-1956 ന ശേഷവും അനിശ്ചിതകാലത്തേക്ക് നീണ്ടുനില്ക്കുന്നു.

ദൈവം തന്റെ യുഗങ്ങളുടെ നിർണ്ണയത്തിൽ ലവൊദിക്യാ കാലഘട്ടത്തിലേക്ക് എപ്പിഫനി പാളയസമർപ്പിതർ എന്നൊരു ഗണത്തെ കൂടെ ഉൾപ്പെടുത്തി. ഈ വിശാലമാക്കപ്പെട്ട സുവിശേഷ യുഗകൊയ്ത്തിന്റെ പ്രവൃത്തനം വഴി അബ്രഹാമിന്റെ അഞ്ചാമത്തെ സഹസ്രാബ്ദ പൂർവ്വ സന്തതിയും രൂപം കൊണ്ടു. താഴെപറയുന്നവയാണ് സന്തതികൾ:- ചെറുഗോതമ്പ് - പുരാതന വീരന്മാർ; ഗോതമ്പ് - ചെറിയ ആട്ടിൻകൂട്ടം; യവം – മഹാപുരുഷാരം; അമര - യുവവീരന്മാർ; തിന – എപ്പിഫനി പാളയസമർപ്പിതർ.

## യൂദാ 21 മനസ്സിലാക്കിത്തരുന്നത്

"ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊൾവിൻ" എന്നുള്ള യൂദാ 21ലെ പാഠം അതിനുവേണ്ടി നമ്മെ ക്ഷണിക്കുകയാണ്. നമ്മുടെ പാഠത്തിലെ "നിങ്ങളെത്തന്നെ" എന്ന പ്രയോഗം ചെറിയ ആട്ടിൻകൂട്ടത്തെ ഉദ്ദേശിച്ചുള്ളതാണ്. അവർ ഓരോരുത്തരും മാത്രമാണ് 'പിതാവിനാൽ വിശുദ്ധീകരിക്കപ്പെട്ട് യേശുക്രിസ്തുവിലേക്ക് വിളിക്കപ്പെട്ടും യേശുക്രിസ്തുവിൽ സൂക്ഷിക്കപ്പെട്ടും' ഇരിക്കുന്നത്. അതുകൊണ്ട് നമ്മുടെ പാഠത്തിലെ പ്രബോധനം തത്വത്തിൽ നല്ലവരായ യുവവീരന്മാർക്കും എപ്പിഫനി പാളയ സമർപ്പിതർക്കും ബാധകമാണെങ്കിലും അത് ചെറിയ ആട്ടിൻ കൂട്ടത്തിനു വേണ്ടിയുള്ളതും 'കൃത്യമായി അവരോട് പറയുന്നതുമാണ്.' ഈ പാഠം ഒന്നാമതായി ഇവർക്ക് (ചെറിയ ആട്ടിൻ കൂട്ടത്തിന്) ബാധകമായിട്ടുള്ളതാണെങ്കിലും, തത്വത്തിൽ ഇത് ഇപ്പോൾ ശുദ്ധിയുള്ള യുവവീരന്മാർക്കും എപ്പിഫനി പാളയ സമർപ്പിതർക്കും കൂടെ ബാധകമാണ്. അവർ ദൈവസ്നേഹം നേടാനും അത് നിലനിർത്താനും ആഗ്രഹിക്കുന്നവർ ആയതുകൊണ്ട് അവരുടെ ഇപ്പോഴത്തെ വിളിയും ഭാവിയെ സംബന്ധിച്ചുള്ള വീക്ഷണവും അതിനനുസരിച്ചുള്ളതായിരിക്കും. അല്ലെങ്കിൽ അവരുടെ അനുഭവം പരാജയമായിരിക്കും. അതുകൊണ്ട് അവർക്ക് ചെയ്യാനുള്ളത് ദൈവസ്നേഹം പുഷ്ടിപ്പെടുത്തിയെടുക്കുക എന്നുള്ളതാണ്; സകല പ്രയത്നവും ചെയ്ത്, സകല ഉത്സാഹത്തോടും കൂടി 'തങ്ങളെത്തന്നെ ദൈവസ്നേഹത്തിൽ സൂക്ഷിക്കുക' എന്നുള്ളതുതന്നെ (PT '85, P. 25).

## സമാഗമന കൂടാരത്തിൽനിന്നുള്ള പാഠങ്ങൾ

കർത്താവിന്റെ ചെമ്മരിയാടുകൾ, തന്റെ സമർപ്പിത കുഞ്ഞുങ്ങൾ, നിരന്തരം തന്റെ ഇടയപരിപാലനത്തിൻ കീഴിലാണ്. അവൻ അവരെ ഒരിക്കലും ഉപേക്ഷിക്കുകയോ മറക്കുകയോ ചെയ്യുകയില്ല. "നീതിമാന്മാരുടെ

പാതയോ പ്രഭാതത്തിന്റെ വെളിച്ചം പോലെ; അത് നട്ടുച്ചവരെ അധികമധികം ശോഭിച്ചു വരുന്നു" (സദൃ. 4:18). ഈ സത്യം അക്ഷരാർത്ഥത്തിലുള്ള അഗ്നിസ്തംഭത്താലും മേഘസ്തംഭത്താലും നന്നായി ചിത്രപ്പെടുത്തി കാണിച്ചിരിക്കുന്നു. "സുവിശേഷ യുഗത്തിലെ ദൈവജനങ്ങളെ പൊരുളായ മിസ്രയീമിൽ നിന്ന് പൊരുളായ കാനാനിലേക്ക് വഴിനടത്തുന്നതിന് പ്രാപ്തമായ പാകമായ സത്യത്തെയും അതിന്റെ ആത്മാവിനെയുമാണ് അക്ഷരാർത്ഥത്തിലുള്ള അഗ്നിസ്തംഭത്താലും മേഘസ്തംഭത്താലും ചിത്രപ്പെടുത്തി കാണിച്ചിരിക്കുന്നത്" (E-8, P. 622). "അവിശ്വസ്തർക്കും വിശ്വസ്തത കുറവുള്ളവർക്കും ഏറെക്കുറെ അന്ധകാരം അനുഭവപ്പെട്ടപ്പോഴും പാകമായ സത്യത്തിന്റെയും അതിന്റെ ആത്മാവിന്റെയും സമൃദ്ധി കൊണ്ട് തനിക്കുള്ളവരെ തന്റെ വിശുദ്ധപർവ്വതമായ രാജ്യത്തിലേക്ക് വഴിനടത്തുന്നതിൽ ഒരിക്കലും അവൻ പരാജയപ്പെട്ടില്ല. ഇതൊക്കെയും കണക്കിലെടുക്കുമ്പോൾ തനിക്കുള്ളവരെ അവൻ ഒരിക്കലും പരാജയപ്പെടാൻ അനുവദിക്കുകയില്ല എന്നും കാര്യങ്ങൾ ഇങ്ങനെയായിരുന്നു: പകൽമേഘം അവരെ മൂടുകയും രാത്രിയിൽ അഗ്നിയുടെ ആഗമനം അവർക്ക് ലഭിക്കുകയും ചെയ്തു. അതുകൊണ്ട് പ്രിയപ്പെട്ടവരെ നാം വിശ്വസ്തരായി പാർക്കുന്നിടത്തോളം ദൈവത്തിന്റെ വിശ്വസ്തജനങ്ങളുടെ മേലുള്ള ഈ അഗ്നിമേഘസ്തംഭങ്ങളിലേക്ക് നമ്മുടെ കണ്ണുകളെ ഉയർത്താൻ നമുക്ക് കഴിയും. അത് എപ്പോഴും നമ്മുടെ മേൽ നിലയുറപ്പിച്ചിരിക്കുന്നതായി നമുക്ക് കാണാൻ കഴിയും വിധമാണ് ദൈവം അത് രൂപകല്പന ചെയ്തിരിക്കുന്നത്" (PP. 631, 632).

PT '34, P. 53 ൽ ഒരു മനോഹരമായ സത്യം ചെറിയ ആട്ടിൻകൂട്ടത്തിന് നൽകിയിരുന്നു: നിഴലിൽ മേഘസ്തംഭവും അഗ്നിസ്തംഭവും സമാഗമന കൂടാരത്തെ മൂടുന്നത് കാണിക്കുന്നത് പാകമായ സത്യവും അതിന്റെ ആത്മാവും ക്രിസ്തുഗണത്തിന്റെമേൽ വന്നു നില്ക്കുന്നതാണ്. ഇതുകൊണ്ട് അർത്ഥമാക്കുന്നത് ദൈവം സുവിശേഷയുഗം ഉടനീളം ക്രിസ്തുഗണത്തെ പാകമായ സത്യവും അതിന്റെ ആത്മാവും സ്വീകരിക്കുന്നവരും വഹിക്കുന്നവരുമാക്കിയിരിക്കുന്നു എന്നാണ്. വേദതിരുവെഴുത്തുകൾ ഈ ചിന്തയ്ക്ക് ധാരാളം തെളിവുകൾ നൽകുന്നു. അതിൽ നിന്ന് തിരഞ്ഞെടുത്ത ചില തെളിവുകൾ താഴെ കൊടുത്തിരിക്കുന്നു: സങ്കീ. 25:14; 97:11; 119:66,99,100,130; സദൃ. 3:32; യെശ. 30:18-21; ആമോ. 3:7; മത്താ. 11:25.

PT '83, P. 79 ലെ ഗോഹ്കി സഹോദരന്റെ എപ്പിഫനി പാളയ സമർപ്പിതരെ സംബന്ധിച്ചുള്ള ഒരു പ്രസ്താവനയിൽ നിന്ന് അതിലടങ്ങിയിരിക്കുന്ന വാഗ്ദത്തത്തെയും അതിന്റെ ഔചിത്യത്തെയും ഞങ്ങൾ പിന്തുടരുന്നു: "ആദ്യജാതന്മാരുടെ സുവിശേഷയുഗ സഭ ഭൂരംഗം വിട്ടതു മുതൽ നമ്മുടെ നാളിലെ സമർപ്പിതർ, 'യുഗങ്ങൾക്കിടയിൽ സമർപ്പിക്കുന്നവർ' (R 5761) ദൈവത്തിന്റെ വാസസ്ഥലവും സംഗമസ്ഥാനവും ദൈവം അനുഗ്രഹിക്കുന്ന സ്ഥലവുമാണ്. അവർക്ക് മുകളിലാണ് പൊരുളായ മേഘസ്തംഭവും അഗ്നിസ്തംഭവും അതായത് പാകമായ സത്യവും അതിന്റെ ആത്മാവും വന്നുനിൽക്കുന്നത്; അവരാണ് ഈ സത്യത്തിന്റെ വാഹകർ."

മറ്റൊരു ക്രിയാത്മക പുരോഗമന സത്യത്തെ കുറിച്ചുള്ള പരാമർശം PT '84, p. 46 ൽ നമുക്ക് കാണാം. മേഘസ്തംഭവും അഗ്നിസ്തംഭവും സഭയിൻകൂടാരത്തിന് നേരെ മുകളിൽ തന്നെ നിന്നു; അതു പ്രാകാരത്തിന് മുകളിലോ പാളയത്തിനു മുകളിലോ നിന്നില്ല. പുരാതന വീരന്മാർക്കായിരുന്നതുപോലെ ഇപ്പോൾ ദൈവം സമുചിതമായ അർത്ഥത്തിൽ ഇതിന്റെ പ്രകാശിപ്പിക്കലും അനുഗ്രഹവും നൽകുന്നത്, പൊരുളായ പ്രകാരത്തിലുള്ളവർക്കും "ശരിയായ പശ്ചാത്താപവും വിശ്വാസവും ഉള്ളവരായി പരീക്ഷാർത്ഥ നീതീകരണക്കാരായി പാളയത്തിലുള്ള സമർപ്പിതരായ ഓരോരുത്തർക്കുമാണ്. അതുകൊണ്ട് പുരാതന വീരന്മാർ തങ്ങളുടെ കാലത്ത് ആയിരുന്നതുപോലെ, ആത്മീയ തിരഞ്ഞെടുപ്പ് ഗണങ്ങളെയെല്ലാം തിരഞ്ഞെടുത്തു കൊണ്ടിരുന്നപ്പോൾ മുതൽ ഇപ്പോൾ സമർപ്പിതരായി എപ്പിഫനി പ്രകാരത്തിലും എപ്പിഫനി പാളയത്തിലുമുള്ളവരാണ് ദൈവത്തിന്റെ വാസസ്ഥലവും സംഗമസ്ഥലവും ജനങ്ങളെ അനുഗ്രഹിക്കുന്ന സ്ഥലവും. "യുഗങ്ങൾക്കിടയിൽ സമർപ്പിക്കുന്ന" യുവവീരന്മാരും പാളയ സമർപ്പിതരുമാണ് ദൈവത്തിന്റെ ഈ മഹാനുഗ്രഹത്തിന്റെയും ഔദാര്യങ്ങളുടെയും ഗുണം അനുഭവിക്കുന്നവർ.

"വക്രതയുള്ളവൻ (വികലൻ - മനപ്പൂർവ്വം അന്യായം ചെയ്യുന്നവൻ) യഹോവയ്ക്ക് വെറുപ്പാകുന്നു; നീതിമാന്മാർക്കോ അവന്റെ സഖ്യതയുണ്ട്" (സദൃ. 3:32) താഴെ വരുന്ന വേദഭാഗം കൂടെ കുറിക്കൊള്ളുക, സങ്കീ. 25:9,10; 32:8; 97:11; 119:130; യെശ. 30:18; ആമോ. 3:7; മത്താ. 13:17; 1 കൊരി. 10:11. ഈ വേദഭാഗങ്ങളിൽ നിന്നും മറ്റു വാഗ്ദത്തങ്ങളിൽ നിന്നും നമുക്ക് മനസ്സിലാകുന്നത് പൊരുളായ മേഘസ്തംഭവും അഗ്നിസ്തംഭവും

ഒടുവിലായി നാമെല്ലാവരും നമ്മുടെ സ്വസ്ഥതയിൽ പ്രവേശിക്കുന്നതുവരെ ദൈവജനങ്ങളെ നയിക്കുന്നത് തുടരുമെന്നാണ്. ഇതു നമ്മെ മുന്നോട്ടു നയിക്കുന്നതിൻ പ്രകാരം നമുക്കെല്ലാം ഇതിനോടു ചേർന്ന് നടക്കാം.

അഞ്ചാമത്തെ യഥാസ്ഥാപന പൂർവ്വഗണത്തിന് (എപ്പിഫനി പാളയ സമർപ്പിതർക്ക്) ആവശ്യമായ ക്രിയാത്മക പുരോഗമന സത്യം, ചെറിയ ആട്ടിൻ കൂട്ടത്തിന്റെ പുഷ്ടിപ്പെടലിനു വേണ്ടി നൽകിയിരുന്ന അടിസ്ഥാന സത്യങ്ങളെ ആധാരമാക്കിയുള്ളതാണ്. പ്രത്യേകമായി ഉദ്ദേശിച്ചു ക്ലിപ്തപ്പെടുത്തിയിട്ടുള്ള പറൂസ്യായിലെ 40 വർഷവും എപ്പിഫനിയിലെ 40 വർഷവും പൂർത്തിയായി എന്ന് നാം തിരിച്ചറിയുന്നു. നാം ഇപ്പോൾ ബാസിലിയായിൽ 70 വർഷം പിന്നിട്ടിരിക്കുന്നു എന്നും തന്റെ നാമത്തിനു വേണ്ടിയുള്ള ജനത്തെ കൂട്ടിച്ചേർത്ത് പുറത്തുകൊണ്ടു വരുന്നതിനുള്ള വേല ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു എന്നുള്ളതും നാം അറിയുന്നു; ഈ അർത്ഥത്തിലാണ് വിശാലമാക്കപ്പെട്ട സുവിശേഷയുഗ കൊയ്ത്ത് എന്ന പദം പ്രയോഗിക്കുവാൻ നമുക്ക് ലഭിച്ചിട്ടുള്ള അനുവാദം. 1954 മുതൽ ക്ലിപ്തമായ അംഗസംഖ്യ അറിഞ്ഞുകൂടാത്ത എപ്പിഫനി പാളയ സമർപ്പിതർക്ക് വേണ്ടിയുള്ള ഒരു പ്രത്യേക വിളി അതിന്റെ തിരഞ്ഞെടുപ്പിൻ പാതയിലാണ്; നാം അറിയുന്ന പ്രകാരം ഈ തിരഞ്ഞെടുപ്പിൻ വിളി തുടർന്നുകൊണ്ടിരിക്കുന്നു. ഒരു വിളി മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു എന്നുള്ളത് നാം അംഗീകരിക്കുമ്പോൾ തീർച്ചയായും അതിന് ആവശ്യമായിരിക്കുന്ന സന്ദേശവും കൂടെ നാം സ്വീകരിക്കണം. അതിനായി പുരാതന വീരന്മാർക്കും ചെറിയ ആട്ടിൻ കൂട്ടത്തിനും മഹാപുരുഷത്തിനും യുവവീരന്മാർക്കും വേണ്ടി മുന്നൊരുക്കിയിരുന്നതുപോലെ, എപ്പിഫനി പാളയസമർപ്പിതരുടെ ആവശ്യത്തിന് വേണ്ടി ക്രമീകരിച്ചിട്ടുള്ള ക്രിയാത്മക പുരോഗമന സത്യത്തിന്റെ ലഭ്യത നമുക്ക് ഉണ്ടാകുന്നു.

കർത്താവിന്റെ പഠിപ്പിക്കലുകൾക്കും ക്രമീകരണങ്ങൾക്കും എതിരായിട്ട് പരിവർത്തനം നടത്തുന്നതിന് ശ്രമിച്ചവർ ചെറിയ ആട്ടിൻ കൂട്ടത്തിന്റെ വിളിയിൽ നിന്നു വീണുപോയി എന്ന് നാം അറിയുന്നു. തത്വത്തിൽ ഇത് യുവവീരന്മാർക്കും പാളയസമർപ്പിതർക്കും ബാധകമാണ്. എന്തുകൊണ്ടെന്നാൽ അവർ "ദൈവത്തിന്റെ വചനങ്ങളോട് മത്സരിക്കുകയും അത്യുന്നതന്റെ ആലോചനയെ നിരസിക്കുകയും ചെയ്തു" (സങ്കീ. 107:10; PTQ book P. 253, Par. 2).

## അഗ്നിപരിശോധനകൾ പ്രതീക്ഷിക്കണം

തീർച്ചയായും നാം ദൈവമക്കൾ ആയിരിക്കുന്നതുകൊണ്ട് (എപ്പിഫനി പാളയ സമർപ്പിതർ) പരീക്ഷകൾ നമുക്കുണ്ടാകും. അവ നേരിടുമ്പോൾ അത് നമുക്ക് ഉണ്ടാകുന്നതിന്റെ ഉദ്ദേശ്യം ഫലനമായി നാം തിരിച്ചറിയും. അതുവഴി നാം ദൈവഭക്തി, ശാന്തത, ആഴവും തീഷ്ണവുമായ ഭക്തി എന്നിവ പരിശീലിക്കുന്നു എന്നുള്ളതും നാം മനസ്സിലാക്കും. "ഏത് ശിക്ഷയും തൽക്കാലം സന്തോഷകരമല്ല ദുഃഖകരമത്രേ എന്ന് തോന്നും; പിന്നത്തേതിലൊ അതിനാൽ അഭ്യാസം വന്നവർക്ക് നീതി എന്ന സമാധാനഫലം ലഭിക്കും" എബ്രാ. 12:11). "നാം ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ പങ്കാളികളാകുന്നു (1 പത്രൊ. 4:12,13). പാപയാഗത്തിൽ പങ്കാളികൾ എന്ന നിലയിൽ ചെറിയ ആട്ടിൻകൂട്ടത്തിന് ഉണ്ടായ പരീക്ഷകളെയാണ് ഇത് പരാമർശിക്കുന്നത്. എന്നാൽ തത്വത്തിൽ, ക്രിസ്തുവിന് വേണ്ടി കഷ്ടം അനുഭവിക്കുന്ന എല്ലാ സമർപ്പിത ദൈവമക്കൾക്കും ഇത് ബാധകമാണ്. യോവേ. 2:28 ലെയും യെശ. 60:14 ലെയും പുത്രന്മാരായിരിക്കും സഹസ്രാബ്ദ രാജ്യത്തിൽ ക്വാസി ഇലക്റ്റ്. അവർക്കു ശുശ്രൂഷയ്ക്കുള്ള നിരവധി പദവികൾ ലഭിക്കും. എപ്പിഫനി പാളയ സമർപ്പിതരെ സംബന്ധിച്ച് പ്രത്യേകമായും ഇത് ശരിയായിരിക്കും (PT '02, P. 43; PT '12, P. 5; PT '16, P. 22).

## ദൈവം നമുക്ക് എങ്ങനെ കൂടുതൽ ശക്തി നൽകും

നാം അവനിൽ ആശ്രയിക്കുകയും ഇതിനോടകം നൽകി തന്നിരിക്കുന്ന ശക്തി പരിചയിക്കുകയും ചെയ്യുന്ന മുറയ്ക്ക് ദൈവം തന്റെ വചനത്തിലൂടെ നമ്മെ ശക്തീകരിക്കുന്നു. എന്നാൽ തന്റെ ആത്മാവിനാലും ദൈവം നമ്മെ ശക്തിപ്പെടുത്തുന്നു. ഇവിടെ നാം ആത്മാവിനെ ദൈവത്തിന്റെ ശക്തി എന്ന് അർത്ഥമാക്കുകയല്ല. ദൈവവചനത്തിലുള്ള ശക്തി എന്ന ആശയമാണ് ഇവിടെയുള്ളത്. ആത്മാവിനെ കൂടുതലായി ദൈവത്തിന് നമ്മെ ശക്തീകരിക്കുന്നതിനുള്ള ഒരു മുഖാന്തരമായി ഉപയോഗിക്കുന്നു. അപ്രകാരത്തിൽ ഒന്നാമതായി ആത്മാവ് എന്നത് പുതിയ ഇഷ്ടമെന്ന അർത്ഥത്തിൽ നമ്മിലുള്ള ദൈവീക മനോഭാവമാണ്.

രണ്ടാമത് തന്റെ പുതിയ സൃഷ്ടികളായ ആളുകളിൽ അവരുടെ ആത്മോത്പാദന സമയത്ത് ദൈവം അവരിൽ ആക്കിതീർക്കുന്നതും തന്റെ യുവവീരന്മാരിലും എപ്പിഫനി പാളയ സമർപ്പിതരിലും തങ്ങളുടെ സമർപ്പണത്തിൽ അവരെ തന്റെ പ്രതിച്ഛായകളാക്കി

മാറ്റുവാനുള്ള അഥവാ രൂപീകരിക്കുവാനുള്ള ദൈവത്തിന്റെ തുടക്കത്തിൽ ദൈവം അവരിൽ ആക്കിത്തീർക്കുന്നതുമായ വിശുദ്ധമായ ശക്തിയാണത്. മൂന്നാമത്തേത് മേൽവിവരിച്ച വിശുദ്ധ ശക്തികൾ വഴിയുള്ള പരിശീലിക്കലിലൂടെ അവരുടെ പുതിയ മനസ്സിനാൽ ദൈവം അവരിൽ വളർത്തിയെടുക്കുന്ന സ്വഭാവമാണ്. അങ്ങനെ അവസാനമായി ദൈവം സഹായകൃപകളാലും വഴിനടത്തിപ്പിനാലും തന്റെ ജനത്തെ ശക്തീകരിക്കുന്നു. അതായത് താൻ അവർക്ക് അവസരങ്ങൾ നൽകി അതിനു തക്ക ചുറ്റുപാടുകൾ ഒരുക്കിയാണ് അവരെ അഭ്യസിപ്പിക്കുന്നത്. അങ്ങനെ ചെയ്യുന്നത് അനുഭവ വൈവിധ്യങ്ങളിലൂടെ നടത്തി അവരുടെ ഹൃദയമനസ്സുകളെയും കൃപാഗുണങ്ങളെയും ഇഷ്ടത്തെയും പരിശീലിപ്പിക്കുന്നതിന് വേണ്ടിയാണ്. ഈ അഭ്യാസം നൽകുന്നത് അവർക്കുള്ള പരിശുദ്ധാത്മാവും പ്രകാശനവും വചനത്തിലൂടെയുള്ള ഉത്തേജനവും വഴിയുമാണ്.

ദൈവോദ്ദേശത്തിൽ എപ്പിഫനി പാളയ സമർപ്പിതർ മുൻകൂട്ടി പ്രകാരത്തിന്റെ പടിവാതിൽക്കൽ ലോകത്തിന്റെ മഹാപുരോഹിതന് യാഗങ്ങളെ "കൊണ്ടുവരേണ്ടതാണ്" അല്ലെങ്കിൽ അർപ്പിക്കേണ്ടതാണ്; മദ്ധ്യസ്ഥഭരണം തുടങ്ങുന്നതുവരെ ഈ നിഴൽ ചിത്രം യഥാർത്ഥത്തിൽ അതിന്റെ നിവൃർത്തിയിലേക്ക് വരുന്നില്ല. വിശ്വാസനീതീകരണത്തിലിരിക്കുന്ന എപ്പിഫനി പാളയ സമർപ്പിതർക്ക് നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ ഓഹരിയുണ്ടാകും; "നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ നിനക്ക് പ്രത്യുപകാരം ഉണ്ടാകും" (ലൂക്കൊ. 14:14). എപ്പിഫനി പാളയ സമർപ്പിതർ പൊരുളിലെ മിര്യാമിന്റെ മുഖ്യഭാഗമായിത്തീരും. സഹസ്രാബ്ദാനന്തരം അവർക്ക് യഥാസ്ഥാപന വർഗ്ഗത്തിനിടയിൽ പൂർണ്ണതപ്പെട്ട ഭൂമിയിൽ ഒരു ബഹുമാന്യമായ സ്ഥാനം ഉണ്ടായിരിക്കും. (E-11, P. 293).

1968 ൽ ജോളി സഹോദരൻ വെളിവാക്കിയ ചില ആശയങ്ങൾ: ചെറിയ ആട്ടിൻകൂട്ടത്തിലെ പുതിയ സൃഷ്ടികളെക്കുറിച്ച് പറഞ്ഞ പല വചനങ്ങളും മഹാപുരുഷാരത്തിലെ പുതിയ സൃഷ്ടികൾക്കും ബാധകമാണ്. "അവൻ ഞങ്ങളെ ചെറിയ ആട്ടിൻകൂട്ടമേ എന്ന് വിളിക്കുന്നു എന്ന ആത്മീയഗീതം പോലൊന്ന് എങ്ങനെയാണ് ചെറിയ ആട്ടിൻ കൂട്ടത്തിന് മാത്രം നേരിട്ട് ബാധകമാകുന്നത്? നിങ്ങൾ മഹാപുരുഷാരത്തിന്റെയോ യുവവീര ഗണത്തിന്റെയോ ഒരു അംഗമായിരുന്നെങ്കിൽ പൊതുലോകത്തെ അപേക്ഷിച്ച് കർത്താവിന്റെ ജനം വളരെ ചുരുക്കമാണെന്ന് പറയാമായിരുന്നു.

അതെ നാമൊരു ചെറിയ ആട്ടിൻകൂട്ടമാണ്. തത്വത്തിൽ വളരെ കുറച്ചു പേർ മാത്രമാണ് നമ്മുടെ കൂടെയുള്ളത്. അതുകൊണ്ട് ചെറിയ ആട്ടിൻകൂട്ടത്തിന് നേരിട്ട് ബാധകമാകുന്ന അനേകം കാര്യങ്ങൾ നമുക്ക് ചെയ്യാൻ കഴിയും; അങ്ങനെ അത് നമ്മുടെ നന്മയ്ക്കായിട്ടും പ്രയോജനപ്പെടുത്താൻ കഴിയും. ധാരാളം മന്നായുടെ പാഠങ്ങളിൽ നിന്നും, ധാരാളം സഹസ്രാബ്ദ ഗീതങ്ങളിൽ നിന്നും മറ്റ് പ്രഭാത കവിതകളിൽ നിന്നും ഒക്കെ ചെറിയ ആട്ടിൻകൂട്ടത്തിന് നേരിട്ട് പ്രയോജനം കിട്ടുന്നുണ്ട്; ഇതിൽ നിന്നെല്ലാം നമുക്കും ധാരാളം അത്ഭുതമാർന്ന അനുഗ്രഹ പാഠങ്ങൾ പഠിക്കാൻ കഴിയുന്നു. ഉദാഹരണത്തിന് 2 പത്രൊ. 1:4 ലെ പാഠം എടുക്കാം. ഇവിടെ "അവയാൽ അവൻ നമുക്കു വിലയറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നൽകിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൻ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ട് ദിവ്യസ്വഭാവത്തിനു കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു", എന്നു പറഞ്ഞിരിക്കുന്നു. ചെറിയ ആട്ടിൻകൂട്ടമല്ലാത്ത നിങ്ങൾ എങ്ങനെയാണ് ഈ പാഠം വായിക്കുന്നത്. നമ്മെ എല്ലാവരെയും ഉൾക്കൊള്ളുന്നതാണ് ഈ പാഠത്തിലെ അനുഗ്രഹം; നമുക്കോരോരുത്തർക്കും ഈ അനുഗ്രഹം ലഭിക്കുന്നതിനു നാം അവയെ എങ്ങനെ ഉപയോഗപ്പെടുത്തണം? അതേ, ഈ വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങൾ "ഞങ്ങൾക്കും കൂടെയുള്ളതാണ്" എന്നു നമുക്കും പറയുകയും അതുവഴി നമുക്കും തീർച്ചയായും പൂർണ്ണ ജീവന്റെ ഓഹരിക്കാരായി തീരുകയും ചെയ്യാം. ആത്മോല്പാദനമില്ലാത്ത എപ്പിഫനി പാളയ സമർപ്പിതന് ഇങ്ങനെ പറയാൻ കഴിയണം: ഓ, ശരി, നാമും വിശ്വാസത്തിന്റെ നല്ല പോർ പൊരുതുകയും നിത്യജീവനെ പിടിച്ചുകൊള്ളുകയും ചെയ്താൽ വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങൾക്ക് നാം ഓരോരുത്തരും അർഹരായിത്തീരും. അതുകൊണ്ട് ഈ വേദഭാഗം എനിക്കുള്ളതാക്കി തീർക്കുമെന്ന് നമുക്കും പറയാം.

പുതിയ സൃഷ്ടി പഴയ സൃഷ്ടിയെ, ശരീരത്തെ അതിന്റെ ഇഷ്ടത്തോടുകൂടി മരിപ്പിച്ചു കളയണമായിരുന്നു - മരിച്ചു കുഴിച്ചിട്ടതായി എണ്ണി, അതായത്, പഴയ സൃഷ്ടിയെ അടിമത്തത്തിലേക്ക് കൊണ്ടുവര

ണമായിരുന്നു. "നിങ്ങൾ (പുതിയ സൃഷ്ടി) ജഡത്തെ അനുസരിച്ചു ജീവിക്കുന്നുവെങ്കിൽ മരിക്കും നിശ്ചയം (പുതിയ സൃഷ്ടിയായുള്ള നിങ്ങളുടെ ജീവൻ നഷ്ടപ്പെടും - രണ്ടാം മരണം മരിക്കും). ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ (മനുഷ്യപ്രകൃതിയുടെ സ്വഭാവത്തെ നിയന്ത്രണത്തിനനുവദിക്കാതെ) മരിപ്പിക്കുന്നു എങ്കിലൊ (മരണത്തിനേൽപ്പിക്കുന്നു) നിങ്ങൾ ജീവിക്കും (പുതിയ സൃഷ്ടികളായി). ഇതുപോലെ മറ്റു പല തിരുവെഴുത്തുകളും പുതിയ സൃഷ്ടികൾക്കു നേരിട്ടു ബാധകമായിട്ടുള്ളതാണെങ്കിലും, തത്വത്തിൽ അവ ആത്മോത്പാദിതരായവരല്ലെങ്കിലും തങ്ങളുടെ ജീവനെ ദൈവത്തിനായി സമർപ്പിച്ചിട്ടുള്ളവരായ മറ്റുള്ള ഏവർക്കും കൂടെ ബാധകമാണ്. ഒരുവനു ദൈവത്തോടു കൂടി നടക്കുന്നതിന്, അവനൊരു ആത്മോല്പാദിതൻ അല്ലെങ്കിൽ ഒരു പുതിയ സൃഷ്ടി ആകേണ്ട ആവശ്യമില്ല. ഹാനോക്ക് എടുക്കപ്പെടുന്നതിനു മുമ്പെ തന്നെ അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്ന അർത്ഥത്തിൽ "ഹാനോക്ക് ദൈവത്തോടു കൂടെ നടന്നു" എന്നുള്ള സാക്ഷ്യം ലഭിച്ചിരുന്നു (ഉല്പ. 5:24; എബ്രാ. 11:15).

പുരാതന വീരന്മാരിൽ ആരും ആത്മോല്പാദിതരല്ലായിരുന്നു. അവർ പുതിയ സൃഷ്ടികളല്ലായിരുന്നെങ്കിലും അവർ ദൈവത്തിന്റെ സ്നേഹിതന്മാരെന്ന നിലയിൽ ദൈവത്തോടു കൂട്ടായ്മയുള്ളവരായിരുന്നു - വിശ്വാസത്താൽ അവർ ദൈവത്തോടുകൂടി നടന്നു. യേശുവിന്റെ വരുവാനിരുന്ന ബലി അവരുടെ നീതീകരണത്തിനു വേണ്ടിയിട്ടും കൂടെ ഉള്ളതായിരുന്നതിനാൽ അവരെ നീതിയുള്ളവരായി എണ്ണുന്നതിന് അവരുടെ വിശ്വാസം പരിഗണിക്കപ്പെട്ടു (പുറ. 33:11; യെശ. 41:8; യാക്കോ. 2:23; റോമ. 4:3,5,9,13,20-22; ഗലാ. 3:6). "വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുന്നതല്ല" (എബ്രാ. 11:6). നമുക്കുവേണ്ടിയുണ്ടായ ക്രിസ്തുവിന്റെ ബലിപുണ്യം മൂലം നമ്മെ വീണ്ടും തന്നോടു കൂടെയുള്ള കൂട്ടായ്മയിലേക്ക് തിരികെ ചേർക്കുന്നതിന് ദൈവം സന്തോഷമുള്ളവനാണ് (യാക്കോ. 4:8; 1 യോഹ. 1:3). വിശ്വാസത്തിന്റെ അനുഗ്രഹകരമായ നടപ്പ് നാം അവനോടുകൂടെ നടക്കുന്നു; "കാഴ്ചയാലല്ല വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നത്" (2 കൊരി. 5:7). "വിശ്വാസികൾ വിശ്വാസിയായ അബ്രഹാമിനോടു കൂടെ അനുഗ്രഹിക്കപ്പെടുന്നു" (ഗലാ. 3:9).

മത്താ. 10:22, "അവസാനത്തോളം സഹിച്ചു നിൽക്കുന്നവനോ രക്ഷിക്കപ്പെടും" കർത്താവിനെ പരമമായി സ്നേഹിക്കുന്ന നമുക്ക് (എപ്പിഫനി പാളയ സമർപ്പിതർക്ക് അതുമൂലം രാജ്യത്തിൽ ഒരു സ്ഥാനം ലഭിക്കുമെന്ന് ഉറപ്പു നൽകപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ളവരുടെ സ്നേഹം തങ്ങളുടെ വഴിയാത്രയിൽ പരിശോധനകളിലൂടെയും പ്രലോഭനങ്ങളിലൂടെയും പരിശോധിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. സകല പരീക്ഷകളിൽ നിന്നും പ്രലോഭനങ്ങളിൽ നിന്നും കഷ്ടങ്ങളിൽ നിന്നും രക്ഷപ്പെടുന്ന ഒരുവന് അവന്റെ നിലനില്പ് യഥാർത്ഥത്തിൽ ദൈവവുമായി ഒരു പുത്രനെന്നുള്ള ബന്ധത്തിലാണോ എന്നു സംശയിക്കുന്നതിനുള്ള ന്യായം അവ ഓരോന്നിലുമുണ്ട്. അവൻ ഒരു പുത്രനാണെങ്കിൽ തീർച്ചയായും അവന് പരിശോധനകളും അച്ചടക്ക പരിശീലന നടപടികളും (അനുസരണത്തിന്റെ) ആവശ്യമാണെന്ന് ദൈവം കാണും.

ബലവും ശക്തിയും സഹിഷ്ണുതയുമുള്ള കഥാപാത്രങ്ങളെയാണ് കർത്താവ് തനിക്കായി തിരഞ്ഞെടുക്കുന്നത്. കർത്താവിനോടു ചേർന്നു നടക്കുന്നവരും ശത്രുവിന്റെ കപട തന്ത്രങ്ങളും ചതിപ്രയോഗങ്ങളും കൊണ്ട് കർത്താവിൽ നിന്ന് തങ്ങളെ അകറ്റാൻ കഴിയാത്തവരുമായ ചിലരാണവർ. അവർ ഹൃദയം കൊണ്ട് പൂർണ്ണമായും കർത്താവിനുള്ളവരാണ് - അവർ താന്താങ്ങൾക്കുള്ളവരല്ല. ദൈവത്തിന്റെ ഇഷ്ടമല്ലാതെ മറ്റൊരിഷ്ടം അവർക്കില്ലാത്തതുകൊണ്ട് കർത്താവ് അവരെ വഴി നടത്തുന്നിടത്തേക്ക് അവർ അവനെ അനുഗമിക്കുന്നു. ഈ ഏതൽക്കാലത്ത് അവർ ദിവ്യവിചാരണ അനുവദിക്കുന്ന അച്ചടക്കത്തിന്റെയും പരിശോധനകളുടെയും ഇടുങ്ങിയ വഴിയിലൂടെ കർത്താവിനെ അനുഗമിക്കുന്നു. അങ്ങനെ "അവർ യോഗ്യന്മാരാകയാൽ വെള്ള ധരിച്ചുംകൊണ്ട് എന്നോടുകൂടെ നടക്കും" എന്നെഴുതിയിരിക്കുന്ന പ്രകാരം ചെറിയ ആട്ടിൻ കൂട്ടത്തിനായി കർത്താവ് കാണിച്ചുകൊടുക്കുന്ന നിർദ്ദിഷ്ടപാതയിലൂടെ ക്രമാനുഗതം അവർ അവനെ അനുഗമിക്കും (വെളി. 3:4). "വെള്ള നിലയങ്കി ധരിച്ച് കയ്യിൽ കുരുത്തോലയുമായി (വിജയത്തിന്റെ)" എന്നെഴുതിരിക്കുന്ന പ്രകാരം മഹാപുരുഷാരവും അന്തിമമായി വെള്ള ധരിക്കപ്പെടേണ്ടവരാണ് (വെളി. 7:9,13). കർത്താവിനോടുള്ള സമർപ്പണത്തിൽ വിശ്വസ്തരാകുന്നതിന്റെ ഫലമായി 'ശുദ്ധിയുള്ള സ്വഭാവം' കൈവരിക്കുന്ന മറ്റെല്ലാവർക്കും തത്വത്തിൽ ഇതേ അനുഗ്രഹങ്ങൾ ലഭ്യമാകുന്നു.

ക്രിസ്തുവിന്റെ സത്യവും നീതിയുമുള്ള വാഴ്ചയുടെ ഒരുക്കവേലകൾക്കായി പ്രകൃതിശക്തികൾ സ്വയം ക്രമീകരിക്കപ്പെടുന്നതും ഏതൽക്കാല വ്യവസ്ഥിതിയുടെ തിന്മ നിറഞ്ഞ ആകാശ (ആത്മീയ ശക്തികൾ) ഭൂമികൾ (സാമൂഹ്യ വ്യവസ്ഥിതികൾ) ഒഴിഞ്ഞു പോയ്ക്കൊണ്ടിരിക്കുന്നതും കാണുമ്പോൾ കർത്താവിന്റെ സമർപ്പിത ജനങ്ങളായ നമ്മുടെ നിലപാട് എന്തായിരിക്കണം? തത്വത്തിൽ ഇപ്പോൾ പ്രായോഗികമായിരിക്കുന്ന ദൈവവചനത്തിനു നാം ചെവി കൊടുക്കണം: "ചഞ്ചലപ്പെടാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ; അതു സംഭവിക്കേണ്ടതു തന്നെ" (മത്താ. 24:6). നാം ഇപ്പോൾ ജീവിച്ചുകൊണ്ടിരിക്കുന്ന, അവൻ വരുന്ന സമയത്തെക്കുറിച്ചാണ് പ്രത്യേകമായി ഇവിടെ പറഞ്ഞിരിക്കുന്നത്. "ശക്തിയോടും മഹാതേജസ്സോടും കൂടെ മേഘത്തിൽ (മഹാകഷ്ടകാലം) എന്നും "അത്തിവൃക്ഷവും" (യഹൂദജനത – രാഷ്ട്രം) മുതലായ വൃക്ഷങ്ങളും (മറ്റ് രാഷ്ട്രങ്ങളും; ഉദാ. ആഫ്രിക്ക)" തളിർക്കും (സ്വതന്ത്ര രാഷ്ട്രങ്ങളായി അവർക്ക് നിലനിൽപ്പുണ്ടാകും)" എന്നും പറഞ്ഞിരിക്കുന്നു. പിന്നെ യേശു നമ്മോടു പറയുന്നത് "ഇതു സംഭവിച്ചു തുടങ്ങുമ്പോൾ നിങ്ങളുടെ വീണ്ടെടുപ്പ് അടുത്തുവരുന്നതുകൊണ്ട് നിവർന്ന് തലപൊക്കുവിൻ......... അവ്വണ്ണം തന്നെ ഇതു സംഭവിക്കുന്നതു കാണുമ്പോൾ ദൈവരാജ്യം അടുത്തിരിക്കുന്നു എന്നു ഗ്രഹിപ്പിൻ" എന്നാണ് (ലൂക്കൊ. 21:25-33).

ആത്മോല്പാദിതരല്ലാത്ത സമർപ്പിത ദാസന്മാർക്കും പരിശുദ്ധാത്മാവുണ്ട്. അതിനു കാരണം, തങ്ങളുടെ കാലത്തു പാകമായ സത്യം ഗ്രഹിക്കുക എന്നത് എപ്പോഴും സമർപ്പിതർക്കുള്ള അവകാശമാണ് (PT '84, P. 23). എല്ലായ്പ്പോഴും തിരുവെഴുത്ത് പഠിപ്പിക്കുന്നതു പാകമായ സത്യം എല്ലാ സമർപ്പിതർക്കും വേണ്ടിയുള്ളതാണെന്നാണ് (E-15, P. 653).

### ആവശ്യമുള്ള ശക്തി

**ചുറ്റുപാടുകളിലെല്ലാം പാറകൾ നിറഞ്ഞ ഒരു മലഞ്ചെരുവിലൂടെ ഞാൻ അലഞ്ഞു നടന്നു. അവിടെ പാറയുടെ ചെറിയ വിടവിൽ ഒരു കൊച്ചു മരം ഞാൻ കണ്ടു.**

**തണുത്തുറഞ്ഞു നിറംമങ്ങിയ രണ്ടു പാറകൾക്കിടയിൽ വാനോളം ശിഖരങ്ങളുയർത്തി ഒരു വൃക്ഷമായി വളരേണ്ടതെങ്കിലും മുരടിച്ചുവളരുന്ന ഒരു വൃക്ഷത്തെ ഞാൻ കണ്ടു.**

**പ്രത്യാശ ഉപേക്ഷിക്കുന്നതാണു നല്ലത്, നിനക്ക് സാദ്ധ്യതകൾ ഒട്ടും തന്നെയില്ല, ദുഷ്കരസാഹചര്യത്തിൽ നിന്റെ പരിശ്രമം വൃഥാവാണ്. ജീവിതം നിനക്കു സന്തോഷകരമല്ല" എന്നു ഞാൻ പറഞ്ഞു.**

**വർഷങ്ങൾ കടന്നുപോയി, ഒരിക്കൽകൂടി ഞാനാ ഭാഗത്ത് അലഞ്ഞു നടന്നു. ഉയരത്തിൽ മനോഹരമായി തഴച്ചുവളർന്ന ഒരു വൃക്ഷം ഞാനവിടെ കണ്ടു.**

**ഞാനാ പാറയുടെ വിടവിനടുത്തു ചെന്നപ്പോൾ പാറകൾ വശങ്ങളിലേക്ക് തള്ളിമാറ്റപ്പെട്ടിരിക്കുന്നു. ഒരിക്കൽ വളരെ വളരെ ചെറുതായിരുന്ന വിടവ് പലമടങ്ങ് വിസ്തൃതമായിരിക്കുന്നതു ഞാൻ കണ്ടു.**

**"ഞാനറിയുന്നതിനുള്ള ഒരു മർമ്മരശബ്ദം" "ചെറുതായി ഈ വിത്തു നിർമ്മിച്ചീവിടവിലിട്ട ദൈവം അതിനാവശ്യമായ ഏതു ശക്തിയും നൽകാതിരിക്കുമോ"?**



# പ്രവൃത്തിക്കുന്ന വിശ്വാസം
## THE FAITH THAT WORKS

"ഞാൻ എന്റെ വിശ്വാസം എന്റെ പ്രവൃത്തികളാൽ കാണിച്ചുതരാം." (യാക്കോബ് 2:18).




വിശ്വാസത്തെയും പ്രവൃത്തികളെയും സംബന്ധിച്ച് അപ്പൊസ്തലനായ പൗലൊസിന്റെ ഉപദേശങ്ങളും അപ്പൊസ്തലനായ യാക്കോബിന്റെ ഉപദേശങ്ങളും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടെന്ന് അനേക ബൈബിൾ വിദ്യാർത്ഥികളും കരുതിയിട്ടുണ്ട്. എന്നാൽ ശരിയായി മനസ്സിലാക്കിയാൽ, അവരുടെ ഉപദേശങ്ങൾ പൂർണ്ണമായി യോജിക്കുന്നതായി കാണാം. യഹൂദ ന്യായപ്രമാണ ഉടമ്പടി പ്രബലമായും പ്രവൃത്തികളുടെ ഉടമ്പടിയായിരുന്നു, അതേസമയം, കൃപയുടെ കീഴിലുള്ള സ്വീകാര്യതയുടെ അടിസ്ഥാനം വിശ്വാസമാണ് (റോമ. 6:14). ന്യായപ്രമാണം പറഞ്ഞത്, ചെയ്യുക ജീവിക്കുക; എന്നാൽ സുവിശേഷം പറയുന്നത്, വിശ്വസിക്കുക ജീവിക്കുക.

ന്യായപ്രമാണ നിയമങ്ങളെ അറിയുന്നവരും ആ നിയമത്തിന്റെ വ്യവസ്ഥകൾ വിശ്വസ്തതയോടെ നിറവേറ്റുന്നതിന്റെ പ്രതിഫലമായ നിത്യജീവനെ പ്രതീക്ഷിച്ചുകൊണ്ട് അതിന്റെ കീഴിൽ പരിശീലനം നേടിയവരുമായവർക്ക് അപ്പൊസ്തലനായ പൗലൊസ് എഴുതുമ്പോൾ, വീണുപോയ ആദാമ്യ വംശത്തെ സംബന്ധിച്ചിടത്തോളം ആ നിയമത്തോടുള്ള സമ്പൂർണ്ണമായ അനുസരണം അസാധ്യമാണെന്നും, അതിനാൽ, "നിയമത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ [ദൈവത്തിന്റെ] ദൃഷ്ടിയിൽ നീതീകരിക്കപ്പെടുകയില്ല" (റോമ. 3:20) എന്നും അറിയിക്കാൻ അപ്പൊസ്തലൻ ബാധ്യസ്ഥനായിരുന്നു. അങ്ങനെയെങ്കിൽ, നീതീകരണവും നിത്യജീവനും ന്യായപ്രമാണത്തിന്റെ പ്രവൃത്തികളിലൂടെ ആർക്കും നേടാൻ കഴിയുന്നില്ലെങ്കിൽ, അവ എങ്ങനെ ലഭിക്കും? അപ്പൊസ്തലൻ തുടർന്ന് വെളിപ്പെടുത്തുന്നത്, നമ്മുടെ കർത്താവായ യേശു ന്യായപ്രമാണം മുഴുവനും കുറ്റമറ്റ രീതിയിൽ പാലിച്ചുവെന്നും, "ഇതു ചെയ്യുന്ന ഏതൊരാൾക്കും" വാഗ്ദത്തം ചെയ്യപ്പെട്ട എല്ലാ പ്രതിഫലങ്ങളും, അതായത് നിത്യജീവനും അതിന്റെ എല്ലാ ദിവ്യാനുഗ്രഹങ്ങളും എന്ന പ്രതിഫലങ്ങൾ അവൻ ഉറപ്പാക്കിയിട്ടുണ്ടെന്നുമാണ്.

വീണ്ടും അപ്പൊസ്തലൻ വെളിപ്പെടുത്തുന്നത്, വീഴ്ചഭവിച്ച മനുഷ്യകുലത്തിൽ ആർക്കും ന്യായപ്രമാണം പാലിക്കുന്നതിലൂടെ നിത്യജീവനെ പ്രതീക്ഷിക്കാൻ സാധിക്കുകയില്ല എന്നും, എന്നാൽ അവർക്ക് മറ്റൊരു മാർഗത്തിലൂടെ, അതായത്, ന്യായപ്രമാണ ഉടമ്പടി പ്രകാരം പൂർണതയുള്ളതായി അംഗീകരിക്കപ്പെടുന്ന പ്രവൃത്തികൾ ചെയ്യുന്നതിനാലല്ലാതെ, ദൈവകൃപയുടെ കീഴിൽ അവരെ അംഗീകരിക്കുന്ന വിശ്വാസത്താൽ (റോമ. 5:1,2) അതിനെ പ്രത്യാശിക്കാനും നേടാനും കഴിഞ്ഞേക്കും എന്നും, അവർക്ക് വീഴ്ചഭവിച്ച പ്രകൃതത്തിൽ ന്യായപ്രമാണ നിയമങ്ങളെ പൂർണ്ണമായി പാലിക്കുന്നതിന് വിഘാതമായിരുന്ന കുറവുകളും കുറ്റങ്ങളുമെല്ലാം പരിഹരിക്കുന്നതിന് ആവശ്യമായ ക്രിസ്തുവിൻ നീതിയുടെ മൂടുപടത്താൽ അവരെ സംരക്ഷിക്കുമെന്നുമാണ്. റോമ. 8:4 പറയുന്നു: "ജഡത്തെയല്ല, ആത്മാവിനെയത്രേ അനുസരിച്ചു നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിന്റെ നീതി നിവൃത്തിയാകേണ്ടതിനു തന്നേ"

കേവലം ബൗദ്ധികമായ അഗീകാരം മാത്രം മതിയെന്ന അർത്ഥത്തിൽ പൗലൊസ് അപ്പൊസ്തലൻ ഒരിക്കൽ പോലും പറഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ പഠിപ്പിക്കലുകൾ ഈ പാഠത്തിലെ യാക്കോബിന്റെ പ്രസ്താവനയോട് പൂർണ്ണമായും യോജിക്കുകയും ചെയ്യുന്നു. നീതിക്കും വിശുദ്ധിക്കും വേണ്ടിയുള്ള ശ്രമങ്ങളോ പ്രവൃത്തികളോ ചെയ്യാത്ത വിശ്വാസം നിർജ്ജീവവും, മൂല്യരഹിതവുമായിരിക്കും, അഥവാ ദുഷിച്ചതും അപലപനീയവുമായ വിശ്വാസമായിരിക്കും.

പാപികളെ നീതീകരിക്കാനും അവരെ നിത്യജീവന്റെ അവകാശികളാക്കുന്നതിനും ന്യായപ്രമാണ പ്രവൃത്തികൾ പ്രാപ്തമോ പര്യാപ്തമോ ആണെന്നും, വിശ്വാസത്തെ അവഗണിക്കാനുമായി യാക്കോബ് പഠിപ്പിക്കുന്നു എന്നു തെറ്റിദ്ധരിക്കരുത്. വിശ്വസിക്കുന്ന ഏവർക്കും നീതി ലഭിക്കാനുള്ള ന്യായപ്രമാണത്തിന്റെ അവസാനം ക്രിസ്തുവാണെന്നും, നാം "അവന്റെ രക്തത്തിലുള്ള വിശ്വാസത്താൽ നീതീകരിക്കപ്പെടുന്നു" എന്നും മനസ്സിലാക്കിയ ആദിമ സഭയിലെ ചിലർ [ഇന്നും ചിലർ

ചെയ്യുന്നതുപോലെ] അത്യന്തം വിപരീത ദിശയിൽ പോയിരിക്കാനും, വിശ്വാസം കാത്തു സൂക്ഷിച്ചിരുന്നാൽ മാത്രം മതി, ജീവിത പ്രവൃത്തികൾ അപ്രധാനമെന്നുമുള്ള വാദം ഉന്നയിച്ചിരിക്കാൻ സാധ്യതയുണ്ട്. യാക്കോബ് ഈ ലേഖനം എഴുതുമ്പോൾ തന്റെ മനസ്സിൽ ഇക്കൂട്ടർ ഉണ്ടായിരുന്നിരിക്കാം. അതിനാൽ അദ്ദേഹം വായനക്കാരന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്ന വിഷയമാണിത്- ഹൃദയത്തിലും ജീവിതത്തിലും യാതൊരു സ്വാധീനവും ചെലുത്താത്ത, ദൈവത്തിന്റെ ദൃഷ്ടിയിൽ പ്രസാദകരമായി ജീവിക്കാനുള്ള ഒരു ശ്രമവും നടത്താത്ത ഒരു കേവല വിശ്വാസത്തിന് എന്തെങ്കിലും ചൈതന്യമുണ്ടാകുമെന്നോ, അത് എന്തെങ്കിലും നന്മ വരുത്തുമെന്നോ കരുതരുത്. അത് പിശാചുക്കൾ വച്ചുപുലർത്തുന്ന ഒരുതരം വിശ്വാസമാണ്.

## പ്രവൃത്തികളിലൂടെ വെളിപ്പെട്ട അബ്രാഹാമിന്റെ വിശ്വാസം

അബ്രഹാമിനെ വിശ്വാസികളുടെ പിതാവ് എന്ന് വിളിക്കുന്നു; അവനെക്കുറിച്ച് എഴുതിയിരിക്കുന്നത് (റോമ. 4:3; യാക്കോ. 2:23), "അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു, അത് അവനു നീതിയായി കണക്കിട്ടു" എന്നാണ്. എന്നാൽ, അപ്പൊസ്തലൻ ചൂണ്ടിക്കാണിക്കുന്നതുപോലെ (യാക്കോ. 2:21), അബ്രഹാം "തന്റെ മകനായ യിസ്ഹാക്കിനെ യാഗപീഠത്തിന്മേൽ അർപ്പിച്ചപ്പോൾ" പ്രവൃത്തികളാൽ നീതീകരിക്കപ്പെട്ടു. അവന്റെ വിശ്വാസം നല്ല പ്രവൃത്തികളുടേയും അനുസരണത്തിന്റേയും ഫലം പുറപ്പെടുവിക്കാത്ത തരത്തിലുള്ളതായിരുന്നില്ല. എന്നാൽ അതിനു വിരുദ്ധമായി ദൈവം അബ്രഹാമിന്റെ വിശ്വാസത്തെ പരീക്ഷിക്കുകയും അവന്റെ വിശ്വാസം അനുസരണത്തിന്റെ പ്രവൃത്തികളാൽ സ്വീകാര്യമായ ഒന്നായി തെളിയിക്കപ്പെടുകയും ചെയ്തു. വിശ്വാസവും പ്രവൃത്തികളും അവന്റെ കാര്യത്തിൽ യോജിച്ചു പ്രവൃത്തിച്ചു. എല്ലാ സാഹചര്യങ്ങളിലും അങ്ങനെ പ്രവൃത്തിക്കണം, അല്ലാത്തപക്ഷം വിശ്വാസം അംഗീകാരയോഗ്യമല്ല.

ഈ പാഠത്തിൽ നിന്നും വ്യക്തമായി മനസ്സിലാക്കേണ്ട ആശയങ്ങൾ ഇവയാണ് (1) വീണുപോയ മനുഷ്യർ ചെയ്യുന്ന പ്രവൃത്തികളൊന്നും പൂർണ്ണതയുള്ള പ്രവൃത്തികളായിരിക്കില്ല, അതിനാൽത്തന്നെ ഇപ്രകാരത്തിലുള്ള യാതൊരു പ്രവൃത്തികളും ദൈവത്തിനു സ്വീകാര്യമാവുകയില്ല. (2) ദൈവീകകൃപയാലുള്ള ക്രമീകരണത്തിന്റെ നിബന്ധനകൾക്ക് കീഴിലുള്ള വിശ്വാസത്തിന്റെ അഭ്യസനത്തിലൂടെയാണ് ക്രിസ്ത്യാനി ദൈവത്തിനു സ്വീകാര്യനാകുന്നത്. ഈ വിശ്വാസമാണ് അവന്റെ സ്വീകാര്യതയ്ക്ക് കാരണമാകുന്നത്. അപൂർണ്ണനായതിനാൽ ദൈവത്തിന് സ്വീകാര്യമായ പ്രവൃത്തികൾ ചെയ്യാൻ അവനു കഴിയില്ല. (3) ദൈവഹിതത്തെ, അതായത് ദൈവത്തിന് സ്വീകാര്യമായ വിശ്വാസത്തെ കഴിവിന്റെ പരമാവധി ചെയ്യാനുള്ള പരിശ്രമങ്ങളാൽ അവൻ തെളിയിക്കണം. (4) അപൂർണ്ണതയുടെ കാരണത്താൽ പ്രവൃത്തികൾ മാത്രം നീതീകരണത്തിന് മതിയാകാത്തതിനാലും, നീതിപ്രവൃത്തികളുടെ സ്വീകാര്യതയ്ക്ക് മുന്നോടിയായി വിശ്വാസം ഉണ്ടായിരിക്കണമെന്നതിനാലും, നീതിപ്രവൃത്തികൾ അംഗീകരിക്കപ്പെടുമ്പോൾ അവ അംഗീകരിക്കപ്പെടുന്നത് അവരുടെ സ്വന്ത പൂർണ്ണതയുടെ കാരണത്താലല്ല, മറിച്ച് അതിനെ അംഗീകൃതമാക്കുന്ന വിശ്വാസം മൂലമാണ്. ഇപ്രകാരം, പ്രവൃത്തികൾക്ക് നമ്മെ നീതീകരിക്കാൻ കഴിയാത്തിടത്ത് നമ്മെ നീതീകരിക്കുന്നത് വിശ്വാസമാണെന്നും, പ്രവൃത്തികൾ വിശ്വാസത്തെ മാറ്റിനിർത്തുകയല്ല, മറിച്ച് വിശ്വാസത്തിന്റെ പരിശുദ്ധിയെ സാക്ഷ്യപ്പെടുത്തുന്നുവെന്നും വിശദീകരിക്കുന്നു.

ദൈവത്തെ പ്രസാദിപ്പിക്കാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും ഇവിടെ ഒരു വലിയ പാഠമുണ്ട്. നമ്മുടെ വിശ്വാസമാണ് അവനു പ്രസാദകരമായത്. എന്നാൽ ജീവിതത്തിൽ നീതിയുടെയും വിശുദ്ധിയുടെയും ഫലം പുറപ്പെടുവിക്കാൻ ശ്രമിക്കാതെ വിശ്വാസം മാത്രം ശേഷിച്ചാൽ -ഒന്നാമതായി നമുക്ക് മറ്റൊന്നുമില്ല- അത് ദൈവത്തിനും മനുഷ്യർക്കും നിന്ദ്യവും നിർജ്ജീവവും ചത്തതും ആയിത്തീരുന്നു. ഏതൊരുവനും അവന്റെ ജീവിതം ആത്മസംതൃപ്തിയുടേയും പാപത്തിന്റേതുമായാൽ, അത് അവൻ ആശ്ലേഷിക്കുന്ന ഏതു വിശ്വാസത്തെയും അപമാനിക്കുകയും മുറിപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ, തന്റെ വിശ്വാസത്തിന് അനുസരിച്ച് ജീവിക്കുന്നതിൽ പരാജയപ്പെടുന്ന ആരെയും അത് ഏറെക്കാലം നിലനിർത്താൻ അനുവദിക്കില്ല എന്നത് നമ്മുടെ അനുഭവമാണ്. ശക്തമായ വിശ്വാസമുണ്ടെന്ന് അവകാശപ്പെടുന്ന പലർക്കും "സത്യത്തോടുള്ള സ്നേഹവും" ദൈവം കൽപ്പിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന തരത്തിലുള്ള നല്ല പ്രവൃത്തികളാൽ യഥാർത്ഥ വിശ്വാസം പ്രതിഫലിപ്പിക്കുന്ന ദൈവത്തോടുള്ള പൂർണ്ണമായ ഭക്തിയും ഇല്ല. സൽപ്രവൃത്തികൾക്കായി തത്തുല്യമായ ശ്രമങ്ങളില്ലാത്ത വിശ്വാസികൾക്ക് കർത്താവ് "അവർ ഭോഷ്ക് വിശ്വസിക്കുമാറ് വ്യാജത്തിന്റെ വ്യാപാരാശക്തി" അയയ്ക്കുന്നു (2 തെസ്സ. 2:12 ). കർത്താവിന്റെ ജനം എല്ലാ മനുഷ്യരും അറിയുകയും വായിക്കുകയും ചെയ്യുന്ന ജീവിക്കുന്ന ലേഖനങ്ങളാണെന്നും, അതിൽ വിശ്വാസത്തേക്കാൾ പ്രവൃത്തികളാണ് വായിക്കപ്പെടുന്നതെന്നും നാം ഓർക്കണം. അതിനാൽ നമ്മുടെ പാഠത്തിന്റെ പ്രാധാന്യം ക്രിസ്തുവിന്റെ ഓരോ അനുയായിയുടെയും വികാരമാ

യിരിക്കണം: “ഞാനും എന്റെ വിശ്വാസം പ്രവൃത്തിയാൽ കാണിക്കും” (യാക്കോബ് 2:18).

### വിശ്വാസത്തിന്റേയും പ്രവൃത്തിയുടേയും ദൃഷ്ടാന്തങ്ങൾ

വിശുദ്ധ യാക്കോബ്, അബ്രഹാം “വിശ്വാസികളുടെ പിതാവ്” എന്ന വസ്തുതയെ ഉദാഹരിക്കുന്നു. അവൻ ദൈവത്തിൽ വിശ്വസിച്ചു എന്നും അവന്റെ വിശ്വാസം അവനു നീതിയായി കണക്കിട്ടു എന്നും എഴുതിയിരിക്കുന്നു (റോമ. 4:3 താരതമ്യം ചെയ്യുക). എന്നാൽ എത്രമാത്രം വിശ്വാസം ആവശ്യമുണ്ടായിരിക്കണം, അത് പ്രവൃത്തികളിൽ എത്രത്തോളം ഉൾപ്പെട്ടിരിക്കണം? യാക്കോബ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്, ദൈവം അബ്രഹാമിന്റെ വിശ്വാസത്തിന്മേൽ നടത്തുന്ന ഒരു നിർണ്ണായക പരീക്ഷയിൽ, അനുസരണത്തോടെ വേഗത്തിൽ പ്രവൃത്തികളുടെ ഘട്ടത്തിലേക്ക് പുരോഗമിപ്പിച്ചില്ലായിരുന്നു എങ്കിൽ അവന്റെ വിശ്വാസം യോഗ്യതയില്ലാത്തതായി തെളിയിക്കപ്പെടുമായിരുന്നു എന്നാണ്. വാഗ്ദത്തം നൽകപ്പെട്ട് വർഷങ്ങൾക്ക് ശേഷം, വാഗ്ദത്ത സന്തതിയായ, യൗവനത്തിലേക്ക് വളർന്ന ഇസ്സഹാക്കിനെ യാഗപീഠത്തിന്മേൽ ബലിയർപ്പിക്കണമെന്ന് ദൈവം കൽപിച്ചപ്പോൾ- അത് യഥാർഥ അബ്രാഹാമ്യ സന്തതിയായ, ശിരസ്സും ശരീരവുമായ ക്രിസ്തു, (എഫെ. 1:22, 23) (“ക്രിസ്തുവിനുള്ളവർ എങ്കിലോ നിങ്ങൾ അബ്രാഹാമിന്റെ സന്തതിയും വാഗ്ദത്തപ്രകാരം അവകാശികളും ആകുന്നു” ഗലാ. 3:29) അനുസരണത്തോടെ വിശ്വാസത്തിന്റെ പരിശോധന മരണത്തോളം, ത്യാഗപരമായ മരണം വരെ നേരിടേണ്ടത് എങ്ങനെ എന്നതിന് മുൻകുറിയായി.

**അബ്രാഹാം ദൈവത്തെ വിശ്വസിക്കുകയും അത് അവന് നീതിയായി കണക്കിടുകയും ചെയ്തു, അവൻ ദൈവത്തിന്റെ സ്നേഹിതൻ എന്ന പേർ പ്രാപിച്ചു.**
**അങ്ങനെ മനുഷ്യർ വെറും വിശ്വാസത്താലല്ല പ്രവൃത്തികളാൽ തന്നേ നീതീകരിക്കപ്പെടുന്നു എന്ന് നിങ്ങൾ കാണുന്നു.**

**എന്നുള്ള തിരുവെഴുത്ത് നിവൃത്തിയായി**

**യാക്കോബ് 2:23,24 (NIV)**
**സ്നേഹത്താൽ പ്രവൃത്തിക്കുന്ന വിശ്വാസമാണ് പ്രധാനം.**

താൻ നല്കിയ സമുന്നതമായ വിശ്വാസത്തിന്റേയും അനുസരണത്തിന്റേയും ഈയൊരു ഉദാഹരണം നമ്മളെ നിരുത്സാഹപ്പെടുത്തുമെന്ന ഭയത്താൽ, വിശുദ്ധ യാക്കോബ്, വീണ്ടും വിശ്വാസത്തിന്റേയും പ്രവൃത്തിയുടേയും മറ്റൊരു ദൃഷ്ടാന്തം (രാഹാബ്) തിരഞ്ഞെടുത്ത് നമ്മുടെ മുമ്പിൽ ഉയർത്തിക്കാണിക്കുന്നു. അവൾക്ക് ദൈവത്തിൽ വിശ്വാസമുണ്ടായിരുന്നു, എന്നാൽ ഒറ്റുകാരുടെ സഹായത്തിനായി താൽക്കാലികമായി സ്വന്തം താൽപ്പര്യങ്ങൾ പണയപ്പെടുത്തി പ്രവൃത്തിയുടേയും സഹായക-വേലയുടെ തലത്തിലേക്കും അത് വികസിപ്പിച്ചില്ലായിരുന്നുവെങ്കിൽ അത് അവൾക്ക് പ്രയോജനപ്പെടുമായിരുന്നില്ല. പ്രത്യക്ഷത്തിൽ വിശ്വാസമില്ലാതെ അവൾ ഒരിക്കലും അത്തരം പ്രവൃത്തികൾ ചെയ്യുമായിരുന്നില്ല, ഈയൊരു വിശ്വാസം കർത്താവിന് പ്രത്യേകം പ്രസാദകരമായതാണ്. എന്നാൽ അതിനനുസൃതമായ പ്രവൃത്തികളിലേക്ക് മുന്നേറിയിരുന്നില്ലെങ്കിൽ ആ വിശ്വാസം കർത്താവിന് പ്രസാദകരമാകുമായിരുന്നില്ല. ഇപ്രകാരം, പ്രവൃത്തികൾ നമ്മുടെ നീതീകരണത്തോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നും, നമ്മുടെ പ്രവൃത്തികളുടെ അടിത്തറയായ നമ്മുടെ വിശ്വാസവുമായി അത് യോജിച്ചിരിക്കുന്നുവെന്നും നാം കാണുന്നു.

### ആത്മാവില്ലാത്ത ശരീരം

വിശുദ്ധ യാക്കോബ് ഈ ചിന്തയെ ഇങ്ങനെ സംഗ്രഹിക്കുന്നു, ”ആത്മാവ് [ജീവൻ] ഇല്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ, പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാണ്” (യാക്കോബ് 2:26). ശരീരത്തെ വിശ്വാസത്തോടും ജീവാത്മാവിനെ പ്രവൃത്തികളോടും ഉപമിച്ചതിൽ അദ്ദേഹത്തിന് തെറ്റുപറ്റിയെന്നും, ദൃഷ്ടാന്തം വിപരീതമാക്കണമെന്നും, അതായത് ശരീരത്തെ പ്രവൃത്തികളോടും ജീവാത്മാവിനെ വിശ്വാസത്തോടും താരതമ്യം ചെയ്യണമെന്നും ചിലർ ചിന്തിച്ചേക്കാം. എന്നാൽ വിശുദ്ധ യാക്കോബ് വിഷയം ശരിയായിത്തന്നെ പ്രസ്താവിച്ചിരിക്കുന്നു. ഏതെങ്കിലും ജീവാത്മാവ് കടന്നുവരുന്നതിന് മുന്നമേ ഒരു ശരീരം അവിടെ ഉണ്ടായിരിക്കണം. അതേപോലെ, പ്രവൃത്തിയിലേക്കുള്ള ദ്രുതമുന്നേറ്റത്തിന് മുമ്പ് ഒരു വിശ്വാസം നിലവിലുണ്ടാവണം. എന്നാൽ “നിത്യജീവനെ മുറുകെ പിടിക്കുന്നതിനു” വേണ്ടി “വിശ്വാസത്തിന്റെ നല്ല പോരാട്ടം” കഴിക്കുന്നതിന് (1 തിമോ. 6:12) ദ്രുതമുന്നേറ്റം അത്യന്താപേക്ഷിതമാണ്.

### നിങ്ങൾ ഊഷ്മളതയിലും നിറവിലും ആകുക

വിശുദ്ധ യാക്കോബ് തന്റെ ആശയത്തെ ശക്തമാക്കിക്കൊണ്ട് താരതമ്യേന വിശ്വാസമുള്ളവരായ എന്നാൽ മുന്നേറ്റത്തിന്റെ പാതയിലേക്ക് (സമർപ്പ

ണം) വരാത്ത ചിലരെ ഉണർത്താൻ ശ്രമിക്കുന്നു. അദ്ദേഹം ചോദിക്കുന്നത്, (യാക്കോബ് 2:14) നമ്മുടെ വിശ്വാസം സാക്ഷ്യപ്പെടുത്താൻ നമുക്ക് തത്തുല്യമായ പ്രവൃത്തികൾ [അത് എത്ര അപൂർണ്ണമായിരുന്നാലും] ഇല്ലെങ്കിൽ, നമുക്ക് വിശ്വാസമുണ്ടെന്ന് പറയുന്നതിൽ എന്ത് പ്രയോജനമുണ്ട്. അവൻ ചോദിക്കുന്നു (ASV കാണുക), "ആ വിശ്വാസത്തിന് അവനെ രക്ഷിക്കാൻ കഴിയുമോ?" ഞങ്ങൾ നല്കുന്ന ഉത്തരം ഇല്ല എന്നാണ്. വിശുദ്ധ പൌലൊസ് പ്രസ്താവിക്കുന്നത്, (ഗലാ. 5:6; 1 തെസ്സ. 1:3) സ്നേഹത്താൽ പ്രവൃത്തിക്കുന്ന വിശ്വാസമാണ് പ്രധാനം എന്നാണ്. എന്നിരുന്നാലും വിശ്വാസമാണ് പ്രധാനം, പ്രവൃത്തികളല്ല; കാരണം, വിശ്വാസം പൂർണ്ണവും തികഞ്ഞതുമാവും, പക്ഷേ പൂർണ്ണമായ പ്രവൃത്തികൾ നമുക്ക് അസാധ്യമാണ്, എന്തെന്നാൽ നമുക്ക് പരിശുദ്ധാത്മാവ് എന്ന ഈ നിധി ലഭിച്ചിരിക്കുന്നത് ബലഹീനമായ മൺപാത്രത്തിലാണ്.

ഈവഴിയുള്ള ഒരു ആത്മപരിശോധന വളരെ ഉചിതമാണ്. നാം ദൈവകൃപയെ കേൾക്കുകയും കാണുകയും ആസ്വദിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, കൃപാകരനായ നമ്മുടെ പിതാവിനെ സേവിക്കാനോ നാം അനുഭവിക്കുന്ന അതേ അനുഗ്രഹങ്ങൾക്കായി മറ്റുള്ളവരെ സഹായിക്കാനോ ഉള്ള ആഗ്രഹം നമ്മിൽ പ്രകടമായില്ലെങ്കിൽ, അത് നമ്മുടെ ആത്മീയ ചൈതന്യം വളരെ ദുർബലമാണെന്നതും നാശത്തിന്റെ വക്കിലാണെന്നുള്ളതും ധ്വനിപ്പിക്കുന്നു. നേരെമറിച്ച്, ദൈവത്തോടുള്ള സ്നേഹത്തിന്റെ തീക്ഷ്ണതയാലും അവന്റെ മഹത്തായ രക്ഷാകരപദ്ധതിയോടുള്ള വിലമതിപ്പാലും നാം സ്വയം ജ്വലിക്കുന്നതായി കാണുകയും ദൈവവിശ്വാസത്തിൽ മറ്റുള്ളവരുടെ അനുഗ്രഹത്തിനും ശക്തിപ്പെടുത്തലിനും ഉന്നമനത്തിനും പങ്കാളിത്തത്തിനും വേണ്ടിയുള്ള സുവാർത്താ ദൂതുകൾ അറിയിക്കാനുള്ള ആഗ്രഹത്തിൽ മുഴുകിയിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അത് നമ്മെ ഏറെ ഉത്സാഹിപ്പിക്കുന്നതാണ്. പത്രൊസ്, യാക്കോബ്, യോഹന്നാൻ, [സംശയലേശമന്യേ] പൗലൊസ് എന്നീ കൂടുതൽ തീക്ഷ്ണതയും എരിവും ഊർജസ്വലതയും ഉള്ള അപ്പൊസ്തലന്മാരെ യേശു പ്രത്യേകം സ്നേഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്തു എന്നതും നാം ശ്രദ്ധിക്കേണ്ടതാണ്. ദൈവത്തിന്റെ സമർപ്പിതരായ മക്കളെന്ന നിലയിൽ, ഭയത്തോടും വിറയലോടും കൂടി നമ്മുടെ സ്വന്ത രക്ഷയ്ക്കായി പ്രവൃത്തിക്കുന്നതോടൊപ്പം അവന്റെ സത്യവചനത്തെ നാം ശരിയായി വിഭജിക്കുമ്പോൾ നാം ഊഷ്മളതയിലും നിറവിലും ആകുന്നതിനും ദൈവത്തിന് കൊള്ളാകുന്നവരായി സ്വയം കാണിക്കുന്നതിനും പഠിക്കുന്നു.

## വി. പൗലൊസ് – തിരഞ്ഞെടുക്കപ്പെട്ട ഒരു പാത്രം – ദൈവത്തെ മഹത്വീകരിച്ചു

### ST. PAUL – A CHOSEN VESSEL - GLORIFIED GOD

"ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുവിൻ" (1 കൊരി. 10:31).

എത്ര ഉത്കൃഷ്ടമായ ഉദാഹരണമാണ് നമുക്ക് പൗലൊസ് അപ്പൊസ്തലനിൽ ഉള്ളത്! തനിക്കുള്ള സകലവും ദൈവത്തെ ഏൽപ്പിച്ചു കൊടുത്തതുകൊണ്ടാണ് നിസംശയമായും കർത്താവിന്റെ തിരഞ്ഞെടുക്കപ്പെട്ട പാത്രമെന്ന നിലയിൽ അദ്ദേഹത്തിന്റെ മഹാവിജയം – സ്വന്ത ഇഷ്ടമല്ല മറിച്ച് പിതാവിന്റെ ഇഷ്ടം നിർവ്വഹിക്കുക - ആയതിനാൽ യേശു അദ്ദേഹത്തെ ഒരു അപ്പൊസ്തലനായും, നാവായും, ശുശ്രൂഷകനായും വലിയ അളവിൽ ഉപയോഗിച്ചു (അദ്ദേഹം തന്റെ ജീവനെ കർത്താവിനായി സമർപ്പിച്ചിരുന്നു).

അപ്പൊസ്തലന്മാരോടും തന്റെ വിശ്വസ്ത അനുയായികളോടും, അവർ സാധാരണ മനുഷ്യരാകയാൽ ദൈവവചനത്തിലെ ആഴമേറിയ കാര്യങ്ങളെ ഗ്രഹിപ്പാൻ അപ്രാപ്തരാകയാൽ, തന്റെ ഒന്നാം വരവിൽ യേശു രക്ഷയുടെ ദിവ്യനിർണ്ണയങ്ങളുടെ വിശദാംശങ്ങൾ വിവരിച്ചിരുന്നില്ല (1 കൊരി. 2:9-14). പെന്തെക്കൊസ്തു വരെ പരിശുദ്ധാത്മാവിനെ അതിന്റെ ഉത്പാദനത്തിലും അഭിഷേകത്തിലും അവർ പ്രാപിച്ചിരുന്നില്ല. അക്കാരണത്താൽ, ഉപമകളിലൂടെയും ആഴമേറിയ വാക്കുകളിലൂടെയുമുള്ള യേശുവിന്റെ പഠിപ്പിക്കലുകളെ സമർപ്പിതരായ തന്റെ ശിഷ്യർക്ക് തക്കകാല ആഹാരമെന്ന നിലയിൽ തനിക്ക് വെളിപ്പെടുത്തുവാൻ മനസ്സുള്ളവ മാത്രമേ മനസ്സിലാക്കിയിരുന്നതായി നാം വായിക്കുന്നുള്ളു (മത്താ. 13:10-17). ഒരവസരത്തിൽ ഗുരു തന്റെ ശിഷ്യരോട് പ്രസ്താവിച്ചു, "ഇനിയും വളരെ നിങ്ങളോടു പറയുവാൻ ഉണ്ട്; എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവ്




വരുമ്പോഴോ അവൻ [അത്] നിങ്ങളെ സകല സത്യത്തിലും വഴിനടത്തും; അവൻ [അത്] സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കുകയും വരുവാനുള്ളതു നിങ്ങൾക്ക് അറിയിച്ചു തരികയും ചെയ്യും." (യോഹ. 6:12,13 P-5, P. 170).

പരിശുദ്ധാത്മാവ് ഉത്പാദിതമായതിനെ തുടർന്ന് വി. പൗലൊസിനും മറ്റ് അപ്പൊസ്തലന്മാർക്കും കുറഞ്ഞ അളവിൽ മാത്രമാണ് പരിമിതികൾ ഉണ്ടായിരുന്നത്. വിവിധ ദേശങ്ങളിലുള്ള ദൈവത്തിന്റെ വിശുദ്ധന്മാർക്ക് അഭിസംബോധന ചെയ്ത് എഴുതിയ അവരുടെ എഴുത്തുകളിൽ, ആത്മീയ കാര്യങ്ങൾ തുറന്നെഴുതുകയും ചെയ്തിരുന്നു. ലഘുവായ നിലയിലുള്ള അവരുടെ ചില എഴുത്തുകൾ, "ശിശുക്കൾക്ക്" യോഗ്യമെന്ന് വിളിക്കപ്പെടുകയും, ദൈവിക നിർണ്ണയത്തിലെ ആഴമേറിയ കാര്യങ്ങളായ മറ്റ് എഴുത്തുകൾ "കട്ടിയായ ആഹാരം" ആയിരിക്കുകയും ചെയ്തു (എബ്രാ. 5:13,14; 6:1-3; 1 പത്രൊ. 2:1-3; 2 പത്രൊ. 3:18).

ആദിമ സഭയിൽ മാത്സര്യത്തിന്റെയും വിഭാഗീയതയുടെയും ആത്മാവിനെ ഉത്തേജിപ്പിക്കുവാൻ സാത്താന് കഴിഞ്ഞു എന്നത് ആശ്ചര്യകരമായി ഞങ്ങൾക്ക് തോന്നുന്നില്ല. 'ഞാൻ പൗലൊസിന്റെ പക്ഷക്കാരൻ, ഞാൻ അപ്പൊല്ലോസിന്റെ പക്ഷക്കാരൻ, ഞാൻ കേഫാവിന്റെ പക്ഷക്കാരൻ" എന്നു പറഞ്ഞുകൊണ്ട് ചിലരിൽ വെളിവായ തെറ്റായ ആത്മാവിനെതിരെ പൗലൊസ് അപ്പൊസ്തലൻ എഴുതി. "ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ? പൗലൊസ് നിങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ടുവോ" എന്ന് അദ്ദേഹം അവരോട് ചോദിച്ചു. അത്തരം അപക്വവും വിഭാഗീയവുമായ അവരുടെ പ്രവൃത്തികളെ അദ്ദേഹം ശാസിച്ചു (1 കൊരി. 1:10-13; 3:1-7). സ്വവർഗ്ഗ വിവാഹത്തിന്റെ യോഗ്യതകളെയും വിവിധ സാമൂഹിക വിഷയങ്ങളിലുള്ള മറ്റു തെറ്റുകളെയും പഠിപ്പിക്കുന്ന, വിവിധ ഭാഗങ്ങളായി വിഭാഗിച്ചു നില്ക്കുന്ന ക്രിസ്ത്യാനികളോട് ഇപ്പോഴത്തെ ഈ വർദ്ധിതമായ നിറവിന്റെ ദിവസത്തിൽ അദ്ദേഹം എന്തു പറയുമായിരുന്നു. അനുയായികളെ തങ്ങൾക്ക് പിന്നിൽ അണിനിരത്തുന്നതിന്, മുഖ്യമായും ലെവൊദിക്യയിലെ രണ്ട് നക്ഷത്രാംഗങ്ങൾ വഴി നൽകപ്പെട്ട ദൈവിക സത്യങ്ങൾക്കെതിരായി ഈ നേതാക്കൾ പഠിപ്പിക്കുന്നത് കേൾക്കുമ്പോൾ, ഞങ്ങൾ അതീവ സങ്കടത്തിലാഴ്ന്നു പോകുന്നു (അപ്പൊ. 20:30; റോമ. 16:1)!

ഇസ്കരിയോത്താ യൂദായുടെ സ്ഥാനത്ത് കർത്താവ് നിയമിച്ച വി. പൗലൊസിനായിരുന്നു പന്ത്രണ്ട് അപ്പൊസ്തലന്മാരിൽ ഏറ്റവും പാണ്ഡിത്യമുണ്ടായിരുന്നത്. ക്രിസ്തുവിനും അവന്റെ അനുയായികൾക്കുമെതിരായി തന്റെ പോരാട്ടത്തിൽ വളരെ വിരോധവും മർക്കടമുഷ്ടിയും തർശ്ശീശിലെ ശൗൽ കാണിച്ചിരുന്നു എന്നത് വാസ്തവം തന്നെ. എന്നാൽ, അറിവിന്റെ കണ്ണുകൾ തുറക്കപ്പെടുകയും, ആത്മിക ഉത്പാദനമുള്ള പുതിയ സൃഷ്ടിയായി തീരുകയും ചെയ്തതിന് ശേഷം, ദൈവിക കാര്യങ്ങളിൽ വി. പൗലൊസ് അത്ഭുതകരമായ ഉൾക്കാഴ്ച വെളിവാക്കി. തന്റെ ഉൾക്കാഴ്ചയെ വിശദീകരിക്കുമ്പോൾ, അദ്ദേഹം സകല മഹത്വവും ദൈവത്തിന് കരേറ്റി; താൻ സ്വയമെ ഒന്നുമല്ലായെങ്കിലും, ധാരാളമായി ദർശനങ്ങളും വെളിപ്പാടുകളും തനിക്ക് നല്കപ്പെട്ടതായി അദ്ദേഹം പ്രസ്താവിച്ചു (2 കൊരി. 12:1,7,11,12).

അദ്ദേഹത്തെ സംബന്ധിച്ച് യേശു പറഞ്ഞതിനോട് പൊരുത്തത്തിലായിരുന്നു ഇവയെല്ലാം, "അവൻ എന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും യിസ്രായേൽ മക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നൊരു പാത്രം ആകുന്നു. എന്റെ നാമത്തിനു വേണ്ടി അവൻ എന്തെല്ലാം കഷ്ടം അനുഭവിക്കേണ്ടതാകുന്നു എന്നു ഞാൻ അവനെ കാണിക്കും എന്നു പറഞ്ഞു" (അപ്പൊ. 9:15,16). സ്വാഭാവികമായും, അറിവ് കുറഞ്ഞ ഒരുവനെക്കാൾ കൂടുതൽ നേട്ടത്തിന് താലന്തുകൾ നിറഞ്ഞതും, വിദ്യാസമ്പന്നനും, സ്വന്ത ഇച്ഛകളെ ബലി ചെയ്തവനുമായ ഒരുവനെ കർത്താവ് ഉപയോഗിക്കുമായിരുന്നു; ശേഷിച്ച അപ്പൊസ്തലരിൽ ചിലർ പഠിപ്പില്ലാത്തവരും അറിവ് കുറഞ്ഞവരുമെന്ന് പുരുഷാരം ഗ്രഹിച്ചിരുന്നതായി എഴുതിയിരിക്കുന്നു (അപ്പൊ. 4:13). എന്നാൽ, വി. പൗലൊസിനെ സംബന്ധിച്ച് അപ്രകാരമായിരുന്നില്ല. അദ്ദേഹം വിദ്യാഭ്യാസം ലഭിച്ചവനും അഭൂതപൂർവ്വമായ മാനസിക വികാസവമു

ള്ളവനുമായിരുന്നു. ബൈബിളിലെ ആഴമേറിയ കാര്യങ്ങളെ മനസ്സിലാക്കുവാൻ സാധിക്കുന്ന ആത്മനിറവുള്ള എല്ലാ ദൈവമക്കളും, വി. പൗലൊസിന്റെ എഴുത്തുകളിലെ ന്യായവാദം, ജ്ഞാനം, ശക്തി എന്നിവയിൽ നിശ്ചയമായും ആശ്ചര്യഭരിതരാവും! ദൈവത്തിന്റെ നാവായി ജാതികൾക്കു മുന്നിലേക്ക് കടന്നുവന്നപ്പോൾ, പുതിയ വ്യവസ്ഥാകാലത്തെ സംബന്ധിച്ച് മറ്റു അപ്പൊസ്തലന്മാരെക്കാൾ കൂടുതലായി വി. പൗലൊസ് കാര്യങ്ങളെ ഗ്രഹിച്ചു. രാജ്യത്തിന്റെ അവകാശങ്ങളിൽ, യഹൂദർക്കൊപ്പം ജാതികളും അവകാശികളെന്ന് അദ്ദേഹം മനസ്സിലാക്കി (എഫെ. 3:1-12; കൊലോ. 1:25-29). വി. പൗലൊസ്, അതിരുകടക്കുന്നുവെന്ന് സ്വാഭാവികമായും ചിലർക്ക് തോന്നി; അദ്ദേഹം പന്ത്രണ്ടിൽ ഒരുവനല്ല, അപ്പൊസ്തലന്റെ പദവി നൽകരുത് തുടങ്ങിയ വാദഗതികൾ ഉയർന്നുവന്നു, "ഞാൻ അതിശ്രേഷ്ഠതയുള്ള അപ്പൊസ്തലന്മാരെക്കാൾ ഒട്ടും കുറഞ്ഞവനല്ല എന്നു നിരൂപിക്കുന്നു" എന്ന് പൗലൊസ് വിശദീകരിച്ചു (2 കൊരി. 11:5).

എങ്കിലും വി. പൗലൊസ് ഒന്നുമല്ലാതിരിക്കുവാനും മറ്റുള്ളവരെ തന്നെക്കുറിച്ച് അവരുടെ സ്വന്തം വിലയിരുത്തൽ നടത്തുവാൻ അനുവദിക്കുവാനും തയ്യാറായിരുന്നു, എന്നാൽ സത്യത്തോടും സഹോദരരോടും ഉള്ള ഒരു ഉത്തരവാദിത്തം അദ്ദേഹം അനുഭവിച്ചറിഞ്ഞിരുന്നു. തന്റെ അപ്പൊസ്തലത്വത്തിന് തനിക്കുള്ള തെളിവുകൾക്ക് യാതൊരു അസ്വാഭാവികതയുമില്ലെന്നും, ദിവ്യപദ്ധതി മനസ്സിലാക്കുന്നതിന് അപ്പൊസ്തലന്മാരിൽ ഏറ്റവും പ്രാമുഖ്യമുള്ളവരിൽ താൻ കുറവുള്ളവനല്ലായെന്നും പ്രസ്താവിക്കുന്നതിന് ഇത് ഇടവരുത്തി - കർത്താവായ യേശു മറ്റെല്ലാവരെക്കാളും അത്തരം കാര്യങ്ങൾ അദ്ദേഹത്തിന് വെളിപ്പെടുത്തുകയും വരുവാനുള്ളവയെ അദ്ദേഹം പ്രസ്താവിക്കുകയും ചെയ്തു (യോഹ. 16:13; 2 കൊരി. 12:7; ഗലാ. 2:2-10 മുതലായവ).

കൊരിന്ത്യയിലെ സഭയോടൊപ്പം ക്രിസ്തുവിനു വേണ്ടിയുള്ള കഷ്ടങ്ങളിൽ വി. പൗലൊസ് കഠിനമായി അദ്ധ്വാനിച്ചു; താൻ യോഗ്യതയില്ലാത്ത ഒരു ഉപദേഷ്ടാവ് എന്ന് നിനച്ചവർ സത്യത്തിൽ വളർച്ച പ്രാപിപ്പാൻ കഴിയാതെ പോകുന്നതിൽ അദ്ദേഹം സഹതപിച്ചു. ബുദ്ധിഹീനമായ വസ്തു എന്ന് അദ്ദേഹം വിളിക്കുന്നതിന് പ്രയോജനകരമെന്നോണം 2 കൊരി. 11:21-33 -ൽ ചിലത് അദ്ദേഹം നിർവ്വഹിക്കുന്നു. വമ്പ് പറയുന്നത് അദ്ദേഹം അംഗീകരിച്ചിരുന്നില്ല; എന്നാൽ കേൾവിക്കാരുടെ പ്രയോജനത്തിന് ചില കാര്യങ്ങൾ അവരെ അറിയിക്കുവാൻ അദ്ദേഹം താല്പര്യപ്പെട്ടു. നാം അദ്ദേഹത്തെ കൂടുതൽ അറിയുന്നതിനും രാജാധിരാജാവിനോടുള്ള അദ്ദേഹത്തിന്റെ ആത്മാർത്ഥ സ്നേഹത്തെ പൂർണ്ണമായി വിലമതിക്കുന്നതിനും ഇക്കാലത്തു പോലും വിശ്വാസത്തിന്റെ ഭവനത്തിന് ദിവ്യസത്യങ്ങൾ അറിയിക്കുന്നതിനുള്ള കർത്താവിന്റെ തിരഞ്ഞെടുക്കപ്പെട്ട പാത്രമാണ് അദ്ദേഹം എന്നുള്ള വസ്തുതയ്ക്കും, അപ്പൊസ്തലൻ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടതിനാൽ നാം എത്ര സന്തോഷഭരിതരാണ്!

എന്നാൽ തന്റെ താലന്തുകൾ, തന്റെ വാക്ചാതുര്യം, ജനങ്ങൾ എപ്രകാരം അത്ഭുതപ്പെട്ടു, തന്റെ കഴിവിനെ എത്ര പേർ തിരിച്ചറിഞ്ഞു തുടങ്ങിയവയിൽ അപ്പൊസ്തലൻ തന്നിൽ തന്നെ ആത്മപ്രശംസ ചെയ്തിരുന്നില്ല. എന്നാൽ മറ്റുള്ളവർ തന്റെ അപകീർത്തിക്ക് ഇടയാക്കുമെന്ന് വിചാരിച്ചിരുന്ന കാര്യങ്ങളിൽ അദ്ദേഹം ആത്മപ്രശംസ നടത്തിയിരുന്നു. ദൈവിക പരിപാലനത്തിൽ സത്യം നിമിത്തം സഹിക്കുന്നതിന് അനുവദിക്കപ്പെട്ടിരിക്കുന്നുവെന്ന് അദ്ദേഹം അവരോട് പറഞ്ഞു - ചാട്ടയാലുള്ള അടി, കോലിനാൽ ഉള്ള അടി, കാരാഗൃഹം, കടലിലെ ആപത്ത്, കള്ള സഹോദരന്മാരാലുള്ള ആപത്ത്, ജാതികളാലുള്ള ആപത്ത്. ഇവയൊക്കെ അദ്ദേഹത്തെ സംബന്ധിച്ച് ദിവ്യസ്നേഹത്തിന്റെയും അനുഗ്രഹത്തിന്റെയും അടയാളമായിരുന്നു. അദ്ദേഹം കർത്താവിനെയും അവന്റെ നീതിയെയും സ്നേഹിക്കുന്നവനായി അതിനുവേണ്ടി സാക്ഷ്യം വഹിക്കുകയും കർത്താവ് നിമിത്തവും സത്യം നിമിത്തവും സഹിക്കുന്നതിന് സന്നദ്ധനാവുകയും ചെയ്തിരുന്നു.

2 കൊരി. 1:3-9, ദൈവവചനത്തിന്റെ വളരെ പ്രാധാന്യമേറിയ ഒരു ഭാഗമാണ് മറ്റൊരിടത്തും ലഭിക്കാത്ത വിവരങ്ങൾ നാമിവിടെ കാണുന്നു. ക്രൂശിന്റെ പടയാളിയുടെ ചടുലമായ ഒരു ചിത്രവും അദ്ദേഹത്തിന്റെ സഹനത്തെയും അത് മുന്നോട്ടുവയ്ക്കുന്നു. യേശുവിന്റെ കാല്പുവടുകളെ പിന്തുടരുക, അവന്റെ ഈ എളിയ അനുഗാമിയുടെയും - തന്നിൽ തന്നെ അഭിമാനിക്കരുത്, മറിച്ച് ദൈവത്തിലും അവന്റെ സത്യത്തോടുള്ള ബന്ധത്തിൽ ശുശ്രൂഷയ്ക്കുള്ള അവകാശങ്ങളിലും മരണപര്യന്തം വിശ്വസ്തനായിരിക്കുവാൻ അതു നമ്മോട് പറയുന്നു.

ശ്രേഷ്ഠനായ വി. പൗലൊസും കുഞ്ഞാടിന്റെ കാന്തയിലെ ശേഷിക്കുന്നവരും നിത്യമഹത്വത്തിലേക്ക് സ്വീകരിക്കപ്പെടുകയും കറയോ കളങ്കമോ ഇല്ലാതെ

പിതാവിനു മുന്നിൽ വയ്ക്കപ്പെടുകയും ചെയ്തിരിക്കുന്ന ഈ യുഗത്തിന്റെ അന്ത്യത്തിലാണ് നാം എത്തിക്കഴിഞ്ഞിരിക്കുന്നത് (എഫെ. 5:25-27; വെളി. 19:7,8). ശ്രേഷ്ഠമായ ആ കൂട്ടത്തിലെ സകലരും വിശ്വസ്ത ഭടന്മാരായിരുന്നുവെന്നും, പിൻതിരിഞ്ഞോടിയവരായിരുന്നില്ലായെന്നും, കർത്താവിനാൽ ലജ്ജയുള്ളവരായിരുന്നില്ലായെന്നും നമുക്കറിയാം. ഇവർ നിമിത്തം താൻ ലജ്ജിക്കയില്ലായെന്നും പിതാവിനും ദൂതന്മാർക്കും മുൻപിൽ ഇവരുടെ പേർ ഏറ്റുപറയുമെന്നും യേശു പറയുന്നു (മത്താ. 10:32,33; മർക്കൊ. 8:38; ലൂക്കൊ. 12:8,9).

ധാരാളം ക്ലേശങ്ങൾ, ചാട്ട, തടങ്കൽ, നാനാവിധമായ പ്രതികൂലങ്ങൾ എന്നിവ അടങ്ങിയതായിരുന്നു അപ്പൊസ്തലന്റെ സഹനം. 2 കൊരി. 12:9-ൽ ഇത് നമ്മോട് അവതരിപ്പിച്ചിരിക്കുന്നു, "അവൻ എന്നോട്: എന്റെ കൃപ നിനക്കുമതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്നു പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിന് ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും." കർത്താവിന്റെ കൃപ മതിയായതാണ്. കർത്താവിന്റെ ശക്തി അദ്ദേഹത്തിന്റെ ബലഹീനതകളിൽ പൂർണ്ണമാക്കപ്പെട്ടു. ഇതല്ലയോ സകല വിജയവും വരിച്ച ക്രിസ്തീയ ജീവിതത്തിന്റെയും രഹസ്യം? ഇത് നമ്മുടെ ഗുരുവിന്റേതിനോട് സമാനമല്ലേ - പിതാവിന്റെ ആത്മാവ് അവനിൽ ഉണ്ടായിരിക്കുകയും, പിതാവിലുള്ള തന്റെ ആശ്രയവും പിതാവിന്റെ മുഖത്തെ പ്രകാശത്തെ കാംക്ഷിക്കുകയും വഴി പിതാവിന്റെ ശക്തി നമ്മുടെ രക്ഷകനിൽ ഇച്ഛിക്കുകയും പിതാവിന്റെ തിരുവുള്ളത്തിനായി പ്രവൃത്തിക്കുകയുമായിരുന്നു (യോഹ. 1:32,33; 3:34; 5:19; എബ്രാ. 10:5-7; 12:2; ഫിലി. 2:13)?

കർത്താവിന്റെ നാൾ മുതൽ തന്റെ സകല അനുയായികൾക്കും ഉള്ള അനുഭവം ഇവ്വിധം തന്നെയായിരുന്നു. ഗുരു തന്റെ അനുയായികളോട് പറഞ്ഞു, "എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല" (യോഹ. 15:5). കർത്താവായ യേശുവിലൂടെയും, സത്യവചനത്തിലൂടെയും, യേശുവിന്റെ അനുയായികളിലൂടെയും ദിവ്യശക്തിയാണ് പ്രവൃത്തിച്ചുകൊണ്ടിരുന്നത്; ഈ ശക്തിക്ക് ക്രിസ്തുവിന്റെ അനുയായികളിൽ അശക്തരിലും ശക്തരിലും പ്രവൃത്തിക്കുവാൻ കഴിയും. കർത്താവിന്റെ കൃപ സകലർക്കും എല്ലാ ആവശ്യ സമയങ്ങളിലും മതിയായതാണ്. എന്നാൽ ഈ പര്യാപ്തത കർത്താവിന്റെ ജനങ്ങൾക്ക് നിരുപാധികമായി പകർന്നിരിക്കുന്നില്ലായെന്ന് നാം മറക്കരുത്, ആവശ്യസമയങ്ങളിൽ സഹായത്തിനുള്ള ദിവ്യ കൃപയ്ക്കായുള്ള ആവശ്യത്തിന്റെ അംഗീകാരത്തോടും പ്രാർത്ഥനാപുരസമായ അപേക്ഷയോടുമുള്ള മറുപടിയിൽ മാത്രം.

ഇക്കാലത്തെ സമർപ്പിതവും, വിശാലമാക്കപ്പെട്ട സുവിശേഷയുഗ കൊയ്ത്തിൽ തങ്ങളുടെ സമർപ്പണ നേർച്ച നേരുകയും, തങ്ങളുടെ ദൈവത്തിന് മുൻപിലെ നില എപ്പിഫനി ക്യാമ്പിൽ ചിത്രീകരിക്കുകയും ചെയ്തിരിക്കുന്ന എപ്പിഫനി പാളയ സമർപ്പിതരായ യഥാസ്ഥാപന പൂർവ്വ സമർപ്പിതർക്ക്, ഒരു മനോഹര ഉദാഹരണമാണ് വി. പൗലൊസ്. പൊരുളിലെ നിധിനീമ്യരായ "ദാവീദും പ്രഭുക്കന്മാരും ലേവ്യർക്കു ശുശ്രൂഷകരായി കൊടുത്ത ദൈവാലയദാസന്മാർ (നിധിനീമ്യർ)" (എസ്രാ. 8:20), ഇക്കാലത്തെ സമർപ്പിതർ ശേബാ രാജ്ഞിയെപ്പോലെ ശലോമോന്റെ ജ്ഞാനം അന്വേഷിക്കും.

തിന്മയുടെ അവസ്ഥകൾക്കു മദ്ധ്യേ ദൃഢചിത്തരായി തങ്ങളുടെ സമർപ്പണത്തെ പൂർത്തീകരിക്കുവാൻ സകല സമർപ്പിതരെയും ഹൃദയാത്മനാ ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു (ഫിലി. 2:15). സ്വയത്തെയും ലോകത്തെയും ത്യജിച്ച് ദൈവവചനം ധ്യാനിച്ച്, ജാഗ്രതയിലും, പ്രാർത്ഥനയിലും, ദൈവിക സത്യങ്ങൾ പ്രചരിപ്പിച്ചും, ദൈവവചനത്തിന് അനുരൂപമായ സ്വഭാവത്തെ രൂപവത്കരിച്ചും, ദൈവവചനത്തോട് വിശ്വസ്തരാകുവാനുള്ള ആവശ്യങ്ങളിൽ തങ്ങളുടെ സഹനങ്ങളിലൂടെയും വി. പൗലൊസ് പ്രവൃത്തിച്ചതുപോലെ യേശുവിന്റെ ഉദാഹരണമായി നിരന്തരം പിൻതുടർന്നുമാണ് അവരിത് ചെയ്യുന്നത്. ഇക്കാര്യങ്ങൾ ചെയ്യുന്നതിന് നാം യേശുവിനെ പിൻതുടരുന്നതിനാലും അപ്രകാരം ചെയ്യുന്നതിനാൽ പിതാവിനെ പ്രീതിപ്പെടുത്തുന്നതിനാലും, നമ്മെയെല്ലാം യഹോവ ധാരാളമായി അനുഗ്രഹിക്കുമാറാകട്ടെ!



# ബൈബിൾ സംഭാഷണങ്ങൾ

## കഥകൾ ലളിത ഭാഷയിൽ

### ഒരിക്കലും പഴകിപ്പോകാത്ത ഒരു പുസ്തകത്തിൽ നിന്നും

**യാക്കോബിന്റെയും ഏശാവിന്റെയും കൂടിക്കാഴ്ച**

ഉല്പ. 32:1-33:18

യാക്കോബ് തന്റെ വഴിക്കു പോയി; ദൈവത്തിന്റെ ദൂതന്മാർ അവന്റെ എതിരെ വന്നു. യാക്കോബ് അവരെ കണ്ടപ്പോൾ ഇത് ദൈവത്തിന്റെ സേന എന്നു പറഞ്ഞു. ആ സ്ഥലത്തിനു മഹനയീം എന്ന് പേരിട്ടു.

അനന്തരം യാക്കോബ് എദോംനാടായ സേയീർദേശത്തു തന്റെ സഹോദരനായ ഏശാവിന്റെ അടുക്കൽ തനിക്കു മുൻപായി ദൂതന്മാരെ അയച്ചു. അവരോടു കല്പിച്ചതു എന്തെന്നാൽ; എന്റെ യജമാനനായ ഏശാവിനോടു ഇങ്ങനെ പറവിൻ: നിന്റെ അടിയൻ യാക്കോബ് ഇപ്രകാരം പറയുന്നു: ഞാൻ ലാബാന്റെ അടുക്കൽ പരദേശിയായി പാർത്തു ഇന്നുവരെ അവിടെ താമസിച്ചു. എനിക്ക് കാളയും കഴുതയും ആടും ദാസീദാസന്മാരും ഉണ്ട്; നിനക്കു എന്നോട് കൃപ തോന്നേണ്ടതിന്നാകുന്നു യജമാനനെ അറിയിപ്പാൻ  ആളയക്കുന്നത്.

ദൂതന്മാർ യാക്കോബിന്റെ അടുക്കൽ മടങ്ങി വന്നു: ഞങ്ങൾ നിന്റെ സഹോദരനായ ഏശാവിന്റെ അടുക്കൽ പോയി വന്നു; അവൻ നാനൂറ് ആളുമായി നിന്നെ എതിരേല്പാൻ വരുന്നു എന്ന് പറഞ്ഞു. അപ്പോൾ യാക്കോട് ഏറ്റവും ഭ്രമിച്ചു ഭയപരവശനായി, തന്നോട് കൂടെ ഉണ്ടായിരുന്ന ജനത്തെയും ആടുകളെയും കന്നുകാലികളെയും ഒട്ടകങ്ങളെയും രണ്ടു കൂട്ടമായി വിഭാഗിച്ചു. ഏശാവ് ഒരു കൂട്ടത്തിന്റെ നേരെ വന്നു അതിനെ നശിപ്പിച്ചാൽ മറ്റേ കൂട്ടത്തിനു ഓടിപ്പോകാമല്ലോ എന്ന് പറഞ്ഞു.

പിന്നെ യാക്കോബ് പ്രാർത്ഥിച്ചതു: എന്റെ പിതാവായ അബ്രഹാമിന്റെ ദൈവവും എന്റെ പിതാവായ യിസ്ഹാക്കിന്റെ ദൈവവുമായുള്ളോവേ, നിന്റെ ദേശത്തേക്കും നിന്റെ ചാർച്ചക്കാരുടെ അടുക്കലേക്കും മടങ്ങിപ്പോക; ഞാൻ നിനക്ക് നന്മ ചെയ്യുമെന്ന് എന്നോട് അരുളിച്ചെയ്ത യഹോവേ, അടിയനോട് കാണിച്ചിരിക്കുന്ന സകലദയയ്ക്കും സകല വിശ്വസ്തതയ്ക്കും ഞാൻ അപാത്രമത്രേ; ഒരു വടിയോടുകൂടെ മാത്രമല്ലോ ഞാൻ ഈ യോർദ്ദാൻ കടന്നത്; ഇപ്പോഴോ ഞാൻ രണ്ടു കൂട്ടമായി തീർന്നിരിക്കുന്നു. എന്റെ സഹോദരനായ ഏശാവിന്റെ കയ്യിൽനിന്നും എന്നെ രക്ഷിക്കേണമേ; പക്ഷെ അവൻ വന്നു എന്നെയും മക്കളോട് കൂടെ തള്ളയേയും നശിപ്പിക്കും എന്ന് ഞാൻ ഭയപ്പെടുന്നു. നീയോ: ഞാൻ നിന്നോട് നന്മ ചെയ്യും; നിന്റെ സന്തതിയെ പെരുപ്പംകൊണ്ടു എണ്ണിക്കൂടാത്ത കടൽക്കരയിലെ മണൽ പോലെ ആക്കുമെന്നു അരുളിചെയ്തുവല്ലോ.

അന്നു രാത്രി അവൻ അവിടെ പാർത്തു; തന്റെ പക്കൽ ഉള്ളതിൽ തന്റെ സഹോദരനായ ഏശാവിന്നു സമ്മാനമായിട്ടു ഇരുന്നൂർ കോലാടിനെയും ഇരുപതു കോലാട്ടുകൊറ്റനെയും ഇരുന്നൂറു ചെമ്മരിയാടിനെയും ഇരുപതു ചെമ്മരിയാട്ടുകൊറ്റനെയും കറവുള്ള മുപ്പതു ഒട്ടകത്തെയും അവയുടെ കുട്ടികളെയും നാൽപ്പത് പശുവിനെയും പത്തു കാളയെയും ഇരുപതു പെൺകഴുതയെയും പത്തു കഴുതക്കുട്ടിയെയും വേർതിരിച്ചു. തന്റെ ദാസന്മാരുടെ പക്കൽ ഓരോ കൂട്ടത്തെ പ്രത്യേകം പ്രത്യേകമായി ഏല്പിച്ചു, തന്റെ ദാസന്മാരോടു: നിങ്ങൾ എനിക്കു മുൻപായി കടന്നുപോയി അതതു കൂട്ടത്തിന്നു മദ്ധ്യേ ഇടയിടുവിൻ എന്നു പറഞ്ഞു.

ഒന്നാമതു പോകുന്നവനോടു അവൻ: എന്റെ സഹോദരനായ ഏശാവ് നിന്നെ കണ്ടു: നീ ആരുടെ ആൾ? എവിടെ പോകുന്നു? നിന്റെ മുന്നിൽ പോകുന്ന ഇവ ആരുടെ വക എന്നിങ്ങനെ നിന്നോടു ചോദിച്ചാൽ: നിന്റെ അടിയാൻ യാക്കോബിന്റെ വക ആകുന്നു; ഇതു യജമാനനായ ഏശാവിന്നു അയച്ചിരിക്കുന്ന സമ്മാനം; അതാ, അവനും പിന്നാലെ വരുന്നു എന്നു നീ പറയേണം എന്നു കല്പ്പിച്ചു. രണ്ടാമത്തവനോടും മൂന്നാമത്തവനോടും കൂട്ടങ്ങളെ നടത്തിക്കൊണ്ടു പോകുന്ന എല്ലാവരോടും: നിങ്ങൾ ഏശാവിനെ കാണുമ്പോൾ ഇപ്രകാരം അവനോടു പറവിൻ എന്നു അവൻ കല്പ്പിച്ചു. എനിക്കു മുൻപായി പോകുന്ന സമ്മാനം കൊണ്ടു അവനെ ശാന്തമാക്കീട്ടു പിന്നെ ഞാൻ അവന്റെ മുഖം കണ്ടുകൊള്ളാം; പക്ഷേ അവന്നു എന്നോടു ദയ തോന്നുമായിരിക്കും എന്നു പറഞ്ഞു.

**ഒരു ദൂതൻ യാക്കോബുമായി മല്ലിടുന്നു**

അങ്ങനെ സമ്മാനം അവന്റെ മുൻപായി പോയി; അവനോ അന്നു രാത്രി കൂട്ടത്തോടുകൂടെ പാർത്തു. രാത്രിയിൽ അവൻ എഴുന്നേറ്റു. തന്റെ രണ്ടു ഭാര്യ

മാരെയും രണ്ടു ദാസിമാരെയും പതിനൊന്നു പുത്രന്മാരെയും കൂട്ടി യബ്ബോക്കുകടവ് കടന്നു. അങ്ങനെ അവൻ അവരെ കൂട്ടി ആറ്റിന്നക്കരെ കടത്തി; തനിക്കുള്ളതൊക്കെയും അക്കരെ കടത്തി. യാക്കോബ് തനിയെ ശേഷിച്ചു; അപ്പോൾ ഒരു പുരുഷൻ ഉഷസ് ആകുവോളം അവനോടു മല്ലു പിടിച്ചു. അവനെ ജയിക്കയില്ല എന്നു കണ്ടപ്പോൾ അവൻ അവന്റെ തുടയുടെ തടം തൊട്ടു; ആകയാൽ അവനോടു മല്ലു പിടിക്കയിൽ യാക്കോബിന്റെ തുടയുടെ തടം ഉളുക്കിപ്പോയി. എന്നെ വിടുക; ഉഷസ് ഉദിക്കുന്നുവല്ലോ എന്നു അവൻ പറഞ്ഞതിന്നു: നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല എന്നു അവൻ പറഞ്ഞു. നീ ദൈവത്തോടും മനുഷ്യരോടും മല്ലു പിടിച്ചു ജയിച്ചതുകൊണ്ടു നിന്റെ പേർ ഇനി യാക്കോബ് എന്നല്ല യിസ്രായേൽ എന്നു വിളിക്കപ്പെടും എന്നു അവൻ പറഞ്ഞു.

യാക്കോബ് അവനോടു: നിന്റെ പേർ എനിക്കു പറഞ്ഞുതരേണം എന്നു അപേക്ഷിച്ചു: നീ എന്റെ പേർ ചോദിക്കുന്നത് എന്തു എന്നു അവൻ പറഞ്ഞു, അവിടെവെച്ചു അവനെ അനുഗ്രഹിച്ചു. ഞാൻ ദൈവത്തെ മുഖാമുഖമായി കണ്ടിട്ടും എനിക്കു ജീവഹാനി വന്നില്ല എന്നു യാക്കോബ് പറഞ്ഞു, ആ സ്ഥലത്തിന്ന് പെനീയേൽ എന്നു പേരിട്ടു. അവൻ പെനീയേൽ കടന്നു പോകുമ്പോൾ സൂര്യൻ ഉദിച്ചു; എന്നാൽ തുടയുടെ ഉളുക്ക് നിമിത്തം അവൻ മുടന്തി നടന്നു. അവൻ യാക്കോബിന്റെ തുടയുടെ തടത്തിലെ ഞരമ്പ് തൊടുകകൊണ്ടു യിസ്രായേൽ മക്കൾ ഇന്നുവരെയും തുടയുടെ തടത്തിലെ ഞരമ്പു തിന്നാറില്ല.

അനന്തരം യാക്കോബ് തലപൊക്കി നോക്കി, ഏശാവും അവനോടുകൂടെ നാനൂറു ആളുകളും വരുന്നത് കണ്ടു; തന്റെ മക്കളെ ലേയയുടെ അടുക്കലും റാഹേലിന്റെ അടുക്കലും രണ്ടു ദാസിമാരുടെ അടുക്കലും വിഭാഗിച്ചു നിർത്തി. അവൻ ദാസിമാരെയും അവരുടെ മക്കളെയും മുമ്പായും ലേയയെയും അവളുടെ മക്കളെയും പിന്നാലെയും റാഹേലിനേയും യോസേഫിനെയും ഒടുക്കമായും നിർത്തി.

അവൻ അവയ്ക്കു മുമ്പായി കടന്നു ഏഴു പ്രാവശ്യം സാഷ്ടാംഗം നമസ്കരിച്ചുകൊണ്ടു തന്റെ സഹോദരനോടു അടുത്തു ചെന്നു. ഏശാവ് ഓടിവന്നു അവനെ എതിരേറ്റു, ആലിഗനം ചെയ്തു; അവന്റെ കഴുത്തിൽ വീണു അവനെ ചുംബിച്ചു, രണ്ടുപേരും കരഞ്ഞു.

## ഏശാവിനുള്ള യാക്കോബിന്റെ സമ്മാനം

പിന്നെ അവൻ തലപൊക്കി സ്ത്രീകളെയും കുഞ്ഞുങ്ങളെയും കണ്ടു: നിന്നോടു കൂടെയുള്ള ഇവർ ആർ എന്നു ചോദിച്ചതിന്നു: ദൈവം അടിയന്നു നൽകിയിരിക്കുന്ന മക്കൾ എന്നു അവൻ പറഞ്ഞു. അപ്പോൾ ദാസിമാരും മക്കളും അടുത്തുവന്നു നമസ്കരിച്ചു; ലേയയും മക്കളും അടുത്തുവന്നു നമസ്കരിച്ചു; ഒടുവിൽ യോസേഫും റാഹേലും അടുത്തുവന്നു നമസ്കരിച്ചു. ഞാൻ വഴിക്കു കണ്ട കൂട്ടമൊക്കെയും എന്തിന്നു എന്നു അവൻ ചോദിച്ചതിന്നു: യജമാനന്നു എന്നോടു കൃപ തോന്നേണ്ടതിന്നു ആകുന്നു എന്നു അവൻ പറഞ്ഞു.


അതിന്നു ഏശാവ്: സഹോദരാ, എനിക്കു വേണ്ടുന്നത് ഉണ്ട്; നിനക്കുള്ളത് നിനക്കിരിക്കട്ടെ എന്നു പറഞ്ഞു. അതിന്നു യാക്കോബ്: അങ്ങനെയല്ല, എന്നോടു കൃപ ഉണ്ടെങ്കിൽ എന്റ സമ്മാനം എന്റെ കയ്യിൽ നിന്നു വാങ്ങേണമേ; ദൈവത്തിന്റെ മുഖം കാണുന്നതുപോലെ ഞാൻ നിന്റെ മുഖം കാണുകയും നിനക്കു എന്നോടു ദയ തോന്നുകയും ചെയ്തുവല്ലോ; ഞാൻ അയച്ചിരിക്കുന്ന കാഴ്ച വാങ്ങേണമേ; ദൈവം എന്നോടു കൃപ ചെയ്തിരിക്കുന്നു; എനിക്കു വേണ്ടുവോളം ഉണ്ട് എന്നു പറഞ്ഞു അവനെ നിർബന്ധിച്ചു; അങ്ങനെ അവൻ അത് വാങ്ങി.

പിന്നെ അവൻ: നാം പ്രയാണം ചെയ്തു പോക; ഞാൻ നിനക്കു മുമ്പായി നടക്കാം എന്നു പറഞ്ഞു. അതിന്നു അവൻ അവനോടു: കുട്ടികൾ നന്നാ ഇളയവർ എന്നും കറവുള്ള ആടുകളും കന്നുകാലികളും കൂടെ ഉണ്ടെന്നും യജമാനൻ അറിയുന്നുവല്ലോ; അവയെ ഒരു ദിവസം അധികമായി ഓടിച്ചാൽ കൂട്ടമെല്ലാം ചത്തുപോകും. യജമാനൻ അടിയനു മുമ്പായി പോയാലും; എന്റെ കൂടെയുള്ള കന്നുകാലികളുടെയും കുഞ്ഞുങ്ങളുടെയും പ്രാപ്തിക്ക് ഒത്തവണ്ണം ഞാൻ സാവധാനത്തിൽ അവയെ നടത്തിക്കൊണ്ടു സേയീരിൽ യജമാനന്റെ അടുക്കൽ വന്നുകൊള്ളാം എന്നു പറഞ്ഞു. എന്റെ ആളുകളിൽ ചിലരെ ഞാൻ നിന്റെ അടുക്കൽ നിർത്തട്ടെ എന്നു ഏശാവു പറഞ്ഞതിനു: എന്തിന്നു? യജമാനന്റെ കൃപയുണ്ടായാൽ മതി എന്നു അവൻ പറഞ്ഞു. അങ്ങനെ ഏശാവു അന്നു തന്റെ വഴിക്കു സേയീരിലേക്കു മടങ്ങി പോയി. യാക്കോബോ സുക്കോത്തിന്നു യാത്ര പുറപ്പെട്ടു; തനിക്ക് ഒരു വീട് പണിതു; കന്നുകാലിക്കൂട്ടത്തിനു തൊഴുത്തുകളും കെട്ടി. അതിന്നു ശേഷം അവൻ ശെഖേമിനു അടുത്തുള്ള ശാലേമിൽ ചെന്നു അവിടെ പാളയമടിച്ചു.

Reg.No. RNI NO. KER MAL / 2008 / 24642 Dt. 17-07-2008
This Magazine is translated from English Bible Standard Published by the Laymen's Home Missionary Movement - Bible Standard Ministries, 1156 St. Matthews Road, Chestersprings, PA 19425 - 2700, U.S.A. Editor, Leon J. Snyder.




## ചരമ അറിയിപ്പ്



LHMM തോട്ടയ്ക്കാട് സഭയുടെ അംഗമായിരുന്ന ചങ്ങനാശ്ശേരി കൊടിനാട്ടുകുന്ന് തൂമ്പുങ്കൽ T.S. ജോസഫ്, 64 (സാബു) 2024 ജൂൺ മാസം 10-ാം തീയതി തിങ്കളാഴ്ച അന്തരിച്ചു. 12-ാം തീയതി ബുധനാഴ്ച തോട്ടയ്ക്കാട് പാറയ്ക്കാമലയിലുള്ള LHMM സെമിത്തേരിയിൽ സംസ്കാരംനടത്തി. മരണപര്യന്തം വിശ്വസ്തതയോടെ ലഭിച്ച സത്യത്തിൽ ഉറച്ചുനിന്ന ഞങ്ങളുടെ പ്രിയസഹോദരന്റെ മരണത്തിലുള്ള ഞങ്ങളുടെ ദുഃഖവും അനുശോചനവും അറിയിക്കുന്നു.

നീതിമാന്റെ ഓർമ്മ എന്നേക്കും നിലനില്ക്കും (സങ്കീ. 112:6) എന്നും തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്കു വിലയേറിയതാകുന്നു (സങ്കീ. 116:15) എന്നുമുള്ള വേദവചനങ്ങളുടെ അടിസ്ഥാനത്തിൽ "പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ നിങ്ങൾ ദുഃഖിക്കരുത്" എന്ന വചനത്താൽ നമുക്ക് ആശ്വസിക്കാം. എന്തെന്നാൽ സമീപഭാവിയിൽ ഭൂമിയിൽ സ്ഥാപിതമാകുന്ന ദൈവരാജ്യത്തിൽ അനുഗ്രഹകരമായ ഒരു അവകാശം പ്രാപിക്കുന്നതിനുവേണ്ടി സഹോദരൻ കല്ലറയിൽനിന്ന് കർത്താവിന്റെ ശബ്ദം കേട്ട് ഉയിർത്തെഴുന്നേറ്റുവരും എന്നതിനാൽ നമുക്ക് സന്തോഷിക്കാം.

Please write for Bible Standard and present Truth English and Tamil Magazines and Parozia, Epiphany Volumes and other English Publications to:-

**Bro. V. Vincent Jeyakumar**
**Representative of India**
Laymen's Home Missionary Movement
#4/81, Eluvaraimukki Main Road,
Eluvaraimukki Village,
Near Thoppur, Nazareth - 628 617,
Thoothukudi District, Tamil Nadu
Mob. : 9894926629
E-mail : vincentlhmm@gmail.com

Please write for Bible Standard Magazines and other publications in Malayalam to the following address:-

**Bro. K.O. Varghese**
**Aux. Pilgrim**
Laymen's Home Missionary Movement
Kilirukkunnel, Puthenchantha P.O.,
Vakathanam, Kottayam, Kerala - 686 538
Mob. : 9446969470, 9497534364
E-mail : kovaux.pgm6@gmail.com

Bible Standard (Malayalam) Bi-monthly Magazine, Owned, Printed, Published by K.O. Varghese, Aux. Pilgrim. L.H.M.M. Kilirukkunnel Puthenchantha P.O., Vakathanam, Kottayam, Kerala Pin- 686 538 Mobile. 9446969470, 9497534364 from Puthenchantha P.O., Vakathanam, Kottayam, Kerala -686 538 at Mukkam Graphics, Industrial Nagar P. O., Changanacherry - 686 106, Editor:- K.P. Mathai, Evangelist L.H.M.M., Kanayankal House, Chakampathal (P.O)., Vazhoor, Kottayam Dt. Kerala Pin- 686 517.

Visit us at : **www.biblestandardindia.com**